# വേർപാട്

008

**അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം**




**ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം**

# വേർപാട്
വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും അയക്കേണ്ട വിലാസം**


**Saneesh Cherian,** Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


## താങ്കൾക്കും പങ്കാളിയാകാം




വേർപാടു സഭകളുടെ നന്മയും ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമാക്കി വിശ്വാസത്താൽ നടത്തപ്പെടുന്ന ഒരു ആത്മീക ശുശ്രൂഷയാണ് വേർപാട് വാർത്താ പത്രിക. ഈ പ്രസിദ്ധീകരണം സൗജന്യമായാണ് ദൈവജനത്തിനു ലഭിക്കുന്നത്. ഒരു വർഷം ഈ പ്രസിദ്ധീകരണം താങ്കൾക്കു അയച്ചു തരുന്നതിന് 100 രൂപ ചെലവുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സ്വമേധാ ദാനങ്ങൾ അയച്ചു തന്നാൽ രസീത് അയച്ചു തരുന്നതും വർഷാവസാനം റിപ്പോർട്ടു നൽകുന്നതുമാണ്. സംഭാവനകൾ അയക്കുന്നവർ സനീഷ് ചെറിയാൻ എന്ന പേരിൽ അയച്ചാലും. വേർപാടു വാർത്താപത്രിക താങ്കൾക്കു ഇഷ്ടപ്പെട്ടു എന്നു ഞങ്ങൾ കരുതുന്നു. തുടർന്നും ലഭിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്കെഴുതുക.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും
വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ
പ്രസിദ്ധീകരണം

Volume VIII Jan. 2012


## ഉള്ളടക്കം


**പഞ്ചശീലങ്ങളാൽ** പ്രശോഭിതമാവട്ടെ പുതുവർഷം — ജോൺ സെബാസ്റ്റ്യൻ — 02




**ക്രിസ്തീയ പത്രധർമ്മം** — ഡോ. ജോൺസൺ സി. ഫിലിപ്പ്, ഡോ. സനീഷ് ചെറിയാൻ — 03

**വിശുദ്ധരായിരിപ്പിൻ** — നോയൽ ഡാനിയേൽ, ഒക്‌ലഹോമ — 05

**വേർപാട് ന്യൂസ്** — 07

**കർത്തൃശുശ്രൂഷകൻ** — എ.സി. ഷാജി — 11

**മുല്ലപ്പെരിയാർ നമ്മുടെ പങ്ക്** — 12

**കുന്നംകുളത്തെ സുവിശേഷ വിപ്ലവം** — ഇ.പി. വർഗ്ഗീസ് — 13


## എഡിറ്റോറിയൽ

# മുല്ലപ്പെരിയാറും വിശ്വാസിയും

കേരളീയരെയും തമിഴ്നാട്ടുകാരെയും ഒരുപോലെ ബാധിച്ചിരിക്കുന്ന ഒരു വിഷയമാണല്ലോ മുല്ലപ്പെരിയാർ അണക്കെട്ട്. രാഷ്ട്രീയ പാർട്ടികളോടൊപ്പം സമരപ്പന്തലിൽ നമ്മുടെ സഹോദരന്മാരും പങ്കാളികളായ വാർത്ത നമ്മുടെ പല പ്രസിദ്ധീകരണങ്ങളിലും കണ്ടു. സാമൂഹ്യപ്രശ്നങ്ങളിൽ നമ്മുടെ സഹോദരന്മാരും തങ്ങളുടെ പങ്കാളിത്തം മനസ്സിലാക്കി പ്രവർത്തിക്കുന്നു എന്നതു നല്ല കാര്യമാണ്. രാഷ്ട്രത്തോടും ഭരണാധികാരികളോടും നമ്മുടെ സമീപനം എങ്ങനെ ആയിരിക്കണമെന്നു വചനം തന്നെ വ്യക്തമാക്കുന്നുണ്ടല്ലോ.

വീണ്ടും ജനനം പ്രാപിച്ചവരായ നമുക്ക് രണ്ട് പൗരത്വങ്ങളുണ്ട്. ഭൗമികവും സ്വർഗ്ഗീയവും . ഭൗതികവിഷയങ്ങളിൽ ഉണ്ടാകുന്ന പ്രതിസന്ധികളുടെ പരിഹാര യത്നത്തിൽ നാം കാണിക്കുന്ന പങ്കാളിത്തവും ശുഷ്ക്കാന്തിയും ആത്മിക വിഷയങ്ങളിലും ആവശ്യമാണ്. മുല്ലപ്പെരിയാർ എന്ന പോലെ ചിലരുടെ അശ്രദ്ധ മൂലവും അയോഗ്യമായ പ്രവൃത്തികൾ മൂലവും ആത്മീക തകർച്ചയിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്ന സ്ഥലം സഭകളുടെ പരാജയത്തിൽ നിന്നും ഒരു പുതുക്കിപ്പണിയൽ നടത്താൻ നാം ഉണർന്നു പ്രവർത്തിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

യരുശലേമിന്റെ യാഗപീഠവും മതിലുകളും തീവെച്ച് ചുട്ടും ഇടിഞ്ഞും കിടക്കുന്നു എന്നു കേട്ട എസ്രായും നെഹമ്യാവും ചെയ്തതുപോലെ പ്രാർത്ഥനയോടെ ഒന്നു പുതുക്കിപ്പണിയുവാൻ നമുക്ക് സാധിക്കുമോ? മുല്ലപ്പെരിയാർ തകർന്നാൽ പ്രത്യാശാ തീരത്ത് നാം എത്തിച്ചേരുമെന്ന പ്രത്യാശ നമുക്കുണ്ട്. എന്നിട്ടും നാം സാമാന്യജനത്തോട് കൂടി പ്രതിഷേധമറിയിച്ചെങ്കിൽ, സ്ഥലം സഭകളുടെ തകർച്ച കണ്ട് ആത്മനാഥന്റെ സന്നിധിയിൽ മുട്ടുമടക്കാൻ എത്രയോ ബാധ്യസ്ഥരാണ്.

തകർച്ചയുടെ വക്കിൽ എത്തി നിൽക്കുന്ന ഒരു ഡാം പുതുക്കി പണിയുന്നതിനോട് നമുക്കുള്ള പ്രതിപത്തി, തകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന സ്ഥലം സഭകളെ പുതുക്കി പണിയുന്നതിലും നാം കാണിക്കേണ്ടതല്ലേ? അതെ! ഒരു ശേഷിപ്പ് അത് ആഗ്രഹിക്കുകയും അതിന്നു വേണ്ടി പ്രാർത്ഥനയോടെ ചുവടു വെയ്ക്കുകയും ചെയ്യുന്നുണ്ട്. ആ ശേഷിപ്പിനോട് ചേർന്നു ഒരു പുതുക്കിപ്പണിയലിനു നമുക്കും ഒരുങ്ങാം.

പുതിയ വർഷത്തിൽ നാം ഉൾപ്പെട്ടു നിൽക്കുന്ന സ്ഥലം സഭകളുടെ നന്മയ്ക്കായി നമുക്ക് കൈ കോർത്ത് പ്രവർത്തിക്കാം. ഛിദ്ര ശക്തികളെ തിരിച്ചറിഞ്ഞ് അവയോടെതിർത്ത് നിന്ന് നമുക്ക് വേർപാട് സത്യങ്ങളുടെയും സ്ഥലം സഭകളുടേയും നന്മയ്ക്കായി പ്രവർത്തിക്കാം.

ആത്മീക ഉണർവ്വിന്റെയും പുനർസമർപ്പണത്തിന്റെയും വർഷമായി 2012 ഭവിക്കട്ടെ. സമർപ്പണത്തോടെ നമുക്ക് പുതുവർഷപുലരിയിലേക്ക് ചുവടുകൾ വയ്ക്കാം.

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

# പഞ്ചശീലങ്ങളാൽ

## പ്രശോഭിതമാവട്ടെ പുതുവർഷം

ജോൺ സെബാസ്റ്റ്യൻ




വീണ്ടും ഒരു വർഷം കൂടി നമ്മെ വിട്ടകന്നു. പുതുവർഷം നമ്മെ എതിരേറ്റു. എത്ര പെട്ടെന്നാണ് വർഷങ്ങൾ കടന്നു പോകുന്നത്? നമ്മുടെ ആയുസ്സ് തീരുന്നത്? ആരോഗ്യം ക്ഷയിക്കുന്നത്? ആശകൾ കൊഴിഞ്ഞു വീഴുന്നത്? അടുത്ത തലമുറ അണിഞ്ഞൊരുങ്ങുന്നത്? നാമൊക്കെ ചോദിച്ചു പോകുന്നു. ചിന്തിക്കുന്നു. സമയവും സംഭവങ്ങളും നമ്മുടെ നിയന്ത്രണത്തിലല്ലെന്നും നല്ലവനായ നമ്മുടെ നിയന്ത്രിതാവിന്റെ കരങ്ങളിലാണെന്നുമുള്ള തിരിച്ചറിവ് താമസിച്ചുപോകാറാണ് പതിവ്. പരിണമിച്ചോ, പൊട്ടിത്തെറിച്ചോ ശാസ്ത്ര പരീക്ഷണനാളിയിലൂടെയോ നീങ്ങുന്ന ജീവിതമോ പ്രപഞ്ചമോ അല്ല നമുക്കുള്ളത്. പ്രപഞ്ചനാഥനാൽ സൃഷ്ടിക്കപ്പെട്ട് നിലനിൽക്കുന്ന ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും ഉടമകളാണ് നാം. (യെശ. 40:26, 54:5-12).

ഇസ്രായേൽ ജനതയുടെ നേതാവാക്കി ദൈവമുയർത്തിയ മോശ ഇതറിഞ്ഞുകൊണ്ടാണ് പ്രാർത്ഥിച്ചത് 'മനുഷ്യന്റെ ആയുസ്സ് എഴുപതോ എൺപതോ വർഷങ്ങൾ. അത് വേഗം തീരുകയും ചെയ്യും' (സങ്കീ. 90:10) മനുഷ്യായുസ്സിന്റെ പ്രയാണം എല്ലാവരിലും ഒരേപോലെയാണ്. എങ്കിലും വേഗതയ്ക്ക് വ്യത്യാസം അനുഭവപ്പെടുവാൻ കാരണം ഒന്നേയുള്ളൂ. ജീവിക്കുന്നത് എങ്ങനെയെന്ന അടിസ്ഥാനത്തിൽ . എങ്ങനെ, എപ്രകാരം, എത്രത്തോളം നാം ജീവിക്കണം.? ബൈബിളിലെ 90-ാം സങ്കീർത്തനം വായിക്കുന്നവർക്ക് സുവ്യക്തമായ ഉത്തരം സർവ്വശക്തനായവൻ നൽകുന്നുണ്ട്.

ദൈവത്തെ തള്ളുന്നവരും, ദൈവീകപദ്ധതിക്കെതിരെ തുള്ളുന്നവരും തിക്താനുഭവങ്ങളുടെ തിരമാലകളിലമർന്ന് തിരസ്കൃതരാവും. ദൈവമായ യേശുക്രിസ്തുവിനെ കൈക്കൊള്ളുന്നവരും അവിടുത്തെ കാര്യപരിപാടിക്ക് വിനീതരായി വിധേയപ്പെടുന്നവരും പാലിക്കപ്പെടും. ഇതിൽ ആദ്യകൂട്ടർ ഭൂരിപക്ഷമാണ്. രണ്ടാമത്തെ കൂട്ടർ ന്യൂനപക്ഷവും. എങ്കിലും ഇവർ കഷ്ടാനുഭവങ്ങളിൽ കർത്തൃമുഖം നോക്കി സീയോൻ യാത്ര പൂർത്തിയാക്കുന്ന ജയാളികളാണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. (മത്താ. 7:13-14, യെശ. 51:11).

ഭൂരിപക്ഷതലമുറയ്ക്കും ന്യൂനപക്ഷതലമുറയ്ക്കും സാക്ഷി നിന്ന ഭക്തനായിരുന്നു മോശ. ദൈവത്തെ തള്ളുന്ന കൂട്ടത്തിൽ നിന്ന് വേണ്ടത്ര അകലം പാലിച്ചു. അപ്പോൾ തന്നെ ദൈവത്തോട് അടുപ്പവും ദൈവജനത്തോട് കൂട്ടായ്മയും നിലനിർത്തി. കപടവേഷധാരികളോട് വേർപാട് പാലിച്ചു. അങ്ങനെയുള്ളവരെയാണ് ഏതു തലമുറയിലും ദൈവം അന്വേഷിക്കുന്നതും അനുഗ്രഹിക്കുന്നതും. ഈ അറിവോടെ മാത്രമേ പുതുവർഷ ജീവിതവും പ്രവർത്തനവും പടുത്തുയർത്താവൂ. ഇതിനെഅവഗണിച്ചുള്ള എത്രയോ വർഷങ്ങളും പുതുവർഷ പ്രവേശനങ്ങളും കഴിഞ്ഞിരിക്കുന്നു. വിലയില്ലാതെ പോയ വാക്കുകൾ. പ്രാവർത്തികമാക്കാത്ത പ്രതിജ്ഞകൾ. സ്വജീവിതത്തിൽ സൂക്ഷിക്കാത്ത സാക്ഷ്യങ്ങൾ. ആവർത്തനവിരസതയുടെ 'വാച്ച് നൈറ്റുകൾ' മലാഖിയുടെ കാലത്തെന്നപോലെ നേർന്നിട്ട് അതുപോലെ നിവർത്തിക്കാത്തവർ. 'വഞ്ചകൻ, ശപിക്കപ്പെട്ടവൻ' എന്നീ പേരുകളാണ് ദൈവം അവർക്ക് നല്കിയതെങ്കിൽ അതിലെ ഗൗരവം നാമറിയണം. ഒരേ തെറ്റിന് ശിക്ഷയും ഒന്നു തന്നെയാണല്ലോ. രാജമുമ്പിൽ പറഞ്ഞ സാക്ഷ്യത്തിൽ ഉറച്ച് നിന്ന് വീര്യവും വിശ്വസ്ഥതയും പ്രവർത്തിച്ച എസ്രാ പുതുവർഷങ്ങളിൽ വിശ്വാസിയുടെ 'റോൾ മോഡൽ' ആവട്ടെ. (മലാഖി 1:14, എസ്രാ. 8:22). വിശ്വാസത്യാഗികൾക്കും നിർവിശ്വാസികൾക്കും ഒരു 'ടെറർ മോഡലായി' യൂദാസ് നിലകൊള്ളുന്നു.

സാക്ഷ്യലംഘനക്കാർ മോശയുടെ വിപൽ പ്രബോധനങ്ങൾക്കാണ് കാതോർക്കേണ്ടത് 'അവർ ദൈവകോപത്താൽ ക്ഷയിക്കുന്നവരാകും. ഭ്രമിക്കുന്നവരാകും. രഹസ്യപാപങ്ങൾ നിമിത്തം തലകുനിക്കേണ്ടിവരും. സംവത്സരങ്ങളെ നെടുവീർപ്പുപോലെ തള്ളിനീക്കേണ്ടിവരും' (സങ്കീ. 90:7-9). ഇങ്ങനെയായിരുന്നോ കഴിഞ്ഞ കാലങ്ങൾ. തിരിഞ്ഞു നോക്കണം. തിരുത്തലിനുള്ള സമവാക്യങ്ങളും മോശ നമുക്ക് നൽകുന്നുണ്ട്.

ശേഷം പേജ് 15 ▶



# ക്രിസ്തീയ പത്രധർമ്മം

ഡോ. ജോൺസൺ സി. ഫിലിപ്പ്,
ഡോ. സനീഷ് ചെറിയാൻ

**ലൗകിക മനുഷ്യനു പൈങ്കിളി പ്രസിദ്ധീകരണം നൽകുന്ന മാനസിക സംതൃപ്തിയും അനുഭൂതിയും പോലെയല്ലേ, അപവാദപരമായ വാർത്തകളടങ്ങിയ പ്രസിദ്ധീകരണങ്ങൾ വായിക്കുന്ന വിശ്വാസിക്കും അനുഭവപ്പെടുന്നത്. ഇത് ആത്മീക മനുഷ്യനു ഭൂഷണമോ?**

മനുഷ്യന്റെ സാമൂഹ്യജീവിതത്തിൽ ആശയ വിനിമയത്തിനുള്ള വിവിധ ഉപാധികൾ ഉപയോഗിക്കപ്പെട്ടു വരുന്നു. പുരാതനമാധ്യമങ്ങൾ പ്രധാനമായും വാമൊഴിയെന്നും വരമൊഴിയെന്നും രണ്ട് വിധത്തിലായിരുന്നു. ആധുനികകാലത്ത് വാർത്താമാധ്യമങ്ങളായി പത്രങ്ങൾ, ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ്, മറ്റ് ഓഡിയോ വീഡിയോ സംവിധാനങ്ങൾ എന്നിവ ഉപയോഗിക്കപ്പെടുന്നു.

ആശയ വിനിമയ ഉപാധികളിൽ വാമൊഴിയേക്കാൾ വിശ്വാസ്യതയും സ്ഥായീഭാവവും ഉള്ളത് വരമൊഴിക്കാണ്. പുരാതനകാലം മുതൽ തന്നെ മനുഷ്യൻ വിവരങ്ങൾ മൺഫലകങ്ങളിലും ശിലാഫലകങ്ങളിലും, പാപ്പിറസിലും, തുകൽ ചുരുളുകളിലും എഴുതിവയ്ക്കുകയും നശിച്ച് പോകാതെ അക്കാലത്ത് ലഭ്യമായിരുന്ന മാർഗ്ഗങ്ങൾ ഉപയോഗിച്ച് സംരക്ഷിക്കുകയും ചെയ്തിരുന്നു. പ്രാചീനസംസ്ക്കാരത്തിന്റെയും മറ്റു ചരിത്ര പ്രധാനവിഷയങ്ങളുടേയും വിവരങ്ങൾ ആധുനിക മനുഷ്യന് ലഭ്യമായത് അക്കാലത്ത് എഴുതി സൂക്ഷിച്ചിരുന്ന രേഖകളിൽ നിന്നുമാണ്. ഭാവി തലമുറയ്ക്ക് പ്രയോജനപ്പെടണമെന്ന ലക്ഷ്യത്തോട് കൂടി എഴുതിയതിനാൽ വസ്തുതാപരമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സർവ്വശക്തനായ ദൈവം പോലും പിതാക്കന്മാരോട് വാമൊഴിയായി അരുളിച്ചെയ്തിരുന്ന കാര്യങ്ങൾ വരുംതലമുറകളുടെ അറിവിലേക്കായി എഴുതി വയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നു എന്നത് എത്രയോ ശ്രദ്ധേയമാണ്. മോശയെയും മറ്റു ദൈവഭക്തന്മാരെയും ദൈവം അതിന്നായി പ്രത്യേകം നിയമിച്ച് കല്പന നൽകുകയും ചെയ്തു. സീനായ് മലയിൽ വെച്ച് യിസ്രായേൽ ജനത്തിനുള്ള കല്പന ദൈവം സ്വന്ത കൈകൾ കൊണ്ട് എഴുതി നൽകിയെന്നത് വരമൊഴിയിലൂടെയുള്ള ആശയ കൈമാറ്റത്തിന്റെ പ്രാധാന്യത്തെയാണ് വിളിച്ചോതുന്നത്. തിരുവചനത്തോടുള്ള ബന്ധത്തിൽ അപ്പോക്രിഫാ ഗ്രന്ഥങ്ങൾ ചേർക്കപ്പെടുവാൻ കാരണം ദൈവികമെന്ന ഭാവത്തിലും ശൈലിയിലും എഴുതപ്പെട്ട ഗ്രന്ഥങ്ങളാണല്ലോ.

വ്യാജന്മാരും അവരുടെ കുതന്ത്രങ്ങൾ വശ്യഭാഷകളിൽ എഴുതി സൂക്ഷിച്ചത് പിൽക്കാലത്ത് പല സംശയങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വഴി തെളിച്ചിട്ടുണ്ട്. ആകയാൽ എഴുത്ത് വിദ്യയെ നന്മയ്ക്കായും തിന്മയ്ക്കായും ഉപയോഗിക്കാം എന്നു സാരം. എഴുത്തുകാരുടെ മനോഭാവമാണ് ഇതിലൂടെ വ്യക്തമാക്കുന്നത്. ഭൗതിക രംഗത്തും ആത്മീയ രംഗത്തും ഇത്തരം വ്യാജന്മാർ ഉണ്ട്. വ്യാജന്മാർ എക്കാലത്തും ഉള്ളതുകൊണ്ട് വസ്തുതകളെ കണ്ടെത്തി അവയോട് ചേർന്നു നിൽക്കുന്നതിന് വിവേകപൂർണ്ണമായ സമീപനം ആവശ്യമായിരിക്കുന്നു. സത്യത്തെക്കാളും വ്യാജത്തോടാണ് മനുഷ്യന് താല്പര്യം എന്നതിനു തെളിവാണ് ഇന്നും പരിണാമസിദ്ധാന്തത്തിനു പിന്നാലെ മനുഷ്യൻ പോകുന്നതിന് കാരണം.

ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ആളുകളുടെ മനസ്സുകളെ എളുപ്പം സ്വാധീനിക്കുമെങ്കിലും, അച്ചടി മാധ്യമങ്ങളിലൂടെ (പത്രങ്ങൾ, മാസികകൾ, വാരികകൾ, ലഘുലേഖകൾ തുടങ്ങിയവ) അവതരിപ്പിക്കപ്പെടുന്ന വിഷയങ്ങൾക്കാണ് കൂടുതൽ സ്ഥായിഭാവമുള്ളത്. ആകയാൽ പത്രപ്രവർത്തനം കൂടുതൽ വസ്തുതാപരവും വിശ്വാസ്യവുമായിരിക്കണം. അതിൽ വരുന്ന വാർത്തകൾക്കും വിവരങ്ങൾക്കും ദീർഘകാലപ്രാധാന്യമുണ്ട്. **തലമുറകളെ പോലും സ്വാധീനിക്കുമെന്നതു കൊണ്ട് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണ് പത്രപ്രവർത്തനം.**

**എന്താണ് പത്ര ധർമ്മം :** സുതാര്യവും വസ്തുതാപരവുമായ വാർത്തകൾ പ്രേക്ഷകരിൽ എത്രയും വേഗം എത്തിക്കുക എന്നതാണ് മാധ്യമങ്ങളുടെ ലക്ഷ്യവും ദൗത്യവും. ഈ മാധ്യമങ്ങൾക്കെല്ലാം



പൊതുവായ ഒരു ധർമ്മം ഉണ്ട്. സത്യസന്ധമായ വാർത്തകൾ സുതാര്യമായി, വസ്തുനിഷ്ഠമായി നിസ്വാർത്ഥമായി പൊതുജനസമക്ഷം എത്തിക്കുക. നിലവാരമുള്ള വാർത്താ മാധ്യമങ്ങളും ചാനലുകളും പ്രസിദ്ധീകരണങ്ങളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നു. തങ്ങൾക്കു ലഭിക്കുന്നതും പ്രേക്ഷകർ ഒരു പക്ഷെ ആർത്തിയോടെ വീക്ഷിക്കുമെന്ന് അറിയാവുന്നതുമായ എല്ലാ വാർത്തകളും ഇവർ പ്രസിദ്ധീകരിക്കില്ല. സദാചാരത്തിനു നിരക്കാത്തതും ലൈംഗിക അരാജകത്വത്തിനു വഴി തെളിക്കുന്നതുമായ വാർത്തകളും ദൃശ്യങ്ങളും അക്രമ വാസനയുളവാക്കുന്നതും മതവിദ്വേഷമുളവാക്കുന്നതുമായ വാർത്തകളും പ്രസിദ്ധീകരിക്കുന്നത് യുക്തമല്ലെന്ന ഒരു പൊതു പെരുമാറ്റ ചട്ടം ഉണ്ട്. ഈ നിലയിൽ എഴുതപ്പെടാത്തതും എഴുതപ്പെട്ടതുമായ പെരുമാറ്റ ചട്ടങ്ങളുടെ ആകെ തുകയെ നമുക്ക് പത്രധർമ്മം എന്നു വിളിക്കാം. പ്രേക്ഷകന്റെ മനസ്സിനെ ധാർമ്മികവും സദാചാരപരവും വസ്തുതാപരവുമായ തലങ്ങളിലേക്ക് സാമൂഹിക നന്മയെ കരുതി നയിക്കുക എന്ന ധർമ്മം.

എന്നാൽ സാമൂഹിക മാറ്റങ്ങൾക്കനുസരിച്ച് പല മാധ്യമങ്ങളും ഇതിൽ വിട്ടുവീഴ്ച ചെയ്യാറുണ്ട്. ആ വിട്ടുവീഴ്ച പരിധി വിട്ട് കഴിയുമ്പോൾ അത് അരാജകത്വത്തിനു വഴി തെളിക്കും. ഇന്നത്തെ മാധ്യമങ്ങളെ നാം ഒന്നു ശ്രദ്ധിച്ച് നോക്കിയാൽ മനുഷ്യന്റെ ധാർമ്മിക കാഴ്ചപ്പാടിൽ എത്രമാത്രം വ്യതിയാനം വന്നു കൊണ്ടിരിക്കുന്നു എന്നു കാണാം. ഇന്നു ആളുകൾ ഏറ്റവും അധികം ഇഷ്ടപ്പെടുന്നത് ലൈംഗിക ചുവയുള്ള വാർത്തകളും അശ്ലീല ചിത്രങ്ങളടങ്ങിയ പ്രസിദ്ധീകരണങ്ങളുമാണെന്നു കാണാം. ആധുനിക ലോകം ഫാഷൻ എന്നു സംബോധന ചെയ്യുന്ന മേനി പ്രദർശന പ്രവണതകളെ ഇന്നു മാധ്യമങ്ങളും ഏറ്റെടുത്തിരിക്കുകയാണ്. ഒരു കച്ചവടമായിരിക്കുന്ന മാധ്യമ രംഗവും ആളുകളുടെ അഭിരുചിക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. അശ്ലീലം എന്നതിന്റെ പരിധി എവിടം മുതൽ അല്ലെങ്കിൽ എവിടം വരെ എന്ന ഒരു നിഗമനത്തിലെത്താൻ കഴിയാത്ത അവസ്ഥയിലാണ് ഇന്നത്തെ സെൻസർ ബോർഡ് പോലും.

വസ്തുതകളേക്കാളും വശ്യതകളുടെ പിന്നാലെ പായുന്ന മനുഷ്യമനസ്സിനെ രോമാഞ്ചം കൊള്ളിക്കുന്ന ചിത്രങ്ങളും നിലവാരം കുറഞ്ഞ വാർത്തകളും പ്രസിദ്ധീകരിക്കുന്നതിൽ ശ്രദ്ധിക്കുന്ന പ്രസിദ്ധീകരണങ്ങളെ നാം പൈങ്കിളി പ്രസിദ്ധീകരണങ്ങൾ എന്നാണല്ലോ വിളിക്കുന്നത്. **പൈങ്കിളി പ്രസിദ്ധീകരണങ്ങളുടെ പിന്നാലെ പോകുന്ന ഒരു വ്യക്തിയുടെ ധാർമ്മികവും സദാചാരപരവുമായ കാഴ്ചപ്പാട് ഏതുവിധമെന്നു മനസ്സിലാക്കുവാൻ അധികം പ്രയാസപ്പെടേണ്ടതില്ലല്ലോ.**

ഇനി നമുക്ക് ആത്മീകരംഗത്ത് മാധ്യമങ്ങളുടെ പ്രസക്തി എന്തെന്നു ചിന്തിക്കാം. 2 കൊരി 3:2,3 ൽ നാം ഇപ്രകാരം വായിക്കുന്നു. "ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ. ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ." ഇവിടെ ദൈവമക്കളുടെ ജീവിതത്തെ ഒരു പത്രമായാണ് ദൈവാത്മാവ് അവതരിപ്പിക്കുന്നത്. രണ്ട് കാര്യങ്ങൾ ഈ പത്രങ്ങളോടുള്ള ബന്ധത്തിൽ പറഞ്ഞിരിക്കുന്നു. 'സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ പത്രം.' വാർത്താമാധ്യമങ്ങളുടെ പ്രസക്തിയെ നന്നായി അറിയുന്ന ദൈവാത്മാവ് പറയുന്നത് – വിശ്വാസികൾ തങ്ങളുടെ ജീവിതം കൊണ്ടും വാക്കുകൊണ്ടും എഴുത്തുകൊണ്ടും പൊതുജനസമക്ഷം അവതരിപ്പിക്കുന്ന കാര്യങ്ങൾ പ്രേക്ഷകർ അറിയുകയും വായിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു എന്ന സത്യം വിസ്മരിക്കരുത് എന്നത്രേ.

അക്ഷരങ്ങൾക്ക് പ്രേക്ഷകരെ മാനസീകമായും ആത്മീകമായും കൊല്ലുവാൻ കഴിവുണ്ട് ( ശാരീരിക കൊലപാതകത്തേക്കാൾ നൂറിരട്ടി പ്രത്യാഘാതമുളവാക്കുന്ന കൊലപാതകമാണ് വാക്കുകളിലൂടെയും അക്ഷരങ്ങളിലൂടെയും ചെയ്യുന്ന മാനസിക കൊലപാതകങ്ങൾ) എന്നും തിരുവെഴുത്തു പറയുന്നു." അക്ഷരം കൊല്ലുന്നു. ആത്മാവോ ജീവിപ്പിക്കുന്നു. " (2 കൊരി. 3:6) അക്ഷരത്തിലൂടെ ആത്മാക്കൾ കൊല ചെയ്യപ്പെടരുത് എന്നർത്ഥം. പരിശുദ്ധാത്മാവ് ജീവൻ നൽകുന്നു എന്നും തിരുവെഴുത്ത് പറയുന്നു. ക്രിസ്തീയ പത്രപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്. പ്രസിദ്ധീകരണങ്ങളിൽ നാം എഴുതുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന വിഷയങ്ങൾ സകല മനുഷ്യരും (വിശ്വാസികളും അവിശ്വാസികളും) ഒരുപോലെ വായിക്കുകയും അറിയുകയും ചെയ്യുന്നു എന്നത്. ആളുകൾ രക്ഷയിങ്കലേക്കും വേർപാട് ഉപദേശ സത്യങ്ങളിലേക്കും കടന്നു വരുവാൻ മടിക്കുന്നതിൽ നമ്മുടെ മാധ്യമങ്ങൾക്ക് വലിയൊരു പങ്കില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.


സഹവിശ്വാസികളുടെ ജീവിതത്തിലെ പ്രശ്നങ്ങളെക്കുറിച്ചും പരാജയങ്ങളെക്കുറിച്ചും കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്നത് വിശ്വാസികൾ പോലും ഇഷ്ടപ്പെടുന്നു. എന്നാൽ ഇത്

**ശേഷം പേജ് 16 ▶**

പ്രായോഗിക ജീവിതം

# വിശുദ്ധരായിരിപ്പിൻ

നോയൽ ഡാനിയേൽ, ഒക്‌ലഹോമ



പാപപങ്കിലമായ ലോകത്തിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെട്ട ആത്മീയ സൗധമാണ് ദൈവസഭ. കറ, ചുളുക്കം മുതലായ മാലിന്യങ്ങൾ ഒന്നുമില്ലാതെ ശുദ്ധയും നിഷ്കളങ്കയുമായി തേജസ്സോടെ നിർത്തുവാനായിട്ടാണ് തന്റെ സ്വന്തം രക്തം കൊടുത്തു കർത്താവ് സഭയെ വിലയ്ക്കു വാങ്ങിയത്. ദൈവം സഭയെ ലോകത്തിൽ നിന്നും വിളിച്ചു വേർതിരിക്കുന്നത് പ്രധാനമായി മൂന്നു കാര്യങ്ങൾക്കു വേണ്ടിയാണ്.

1. ദൈവത്തെ ആരാധിക്കുവാൻ (ലൂക്കോ 1:74; സങ്കീ 95:6)
2. അവന്റെ സാക്ഷികളായി ലോകത്തിൽ ജീവിക്കുവാൻ (അപ്പൊ. പ്രവൃ 1:8 യോഹ. 15:16)
3. അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ (റോമ. 8:29; 1 യോഹ 3:2; 2 പത്രൊ 1:4)

### ദൈവത്തിന്റെ വിശുദ്ധി

അടുത്തുകൂടാത്ത വെളിച്ചത്തിലും വിശുദ്ധിയിലും വസിക്കുന്ന ദൈവത്തെ ആരാധിക്കുവാനോ സൽപ്രവൃത്തിയിലൂടെ വിശുദ്ധി പ്രാപിക്കുവാനോ മനുഷ്യന്റെ സ്വന്ത പ്രയത്നത്താൽ സാദ്ധ്യമല്ലെന്ന് ബൈബിൾ സവിസ്തരം പ്രഖ്യാപിക്കുന്നു. മർത്യൻ നീതിമാനായിരിക്കുന്നതെങ്ങനെ? സ്ത്രീ പ്രസവിച്ചവൻ നിർമ്മലനായിരിക്കുന്നതെങ്ങനെ? (ഇയ്യോ 25:4). സ്വർഗ്ഗത്തിലെ സാറാഫുകൾ പോലും തങ്ങളുടെ ചിറകുകൾ കൊണ്ട് മുഖം മൂടിയിട്ടാണ് സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു ദൈവത്തിന്റെ വിശുദ്ധിയെ വർണ്ണിച്ചുകൊണ്ട് ആരാധിക്കുന്നത്. ദൈവദൃഷ്ടിയിൽ നീതിമാൻ ആരുമില്ല. സ്വന്തവിശുദ്ധിയുടെയും നീതിയുടെയും അനുസരണത്തിന്റെയും അടിസ്ഥാനത്തിൽ ദൈവമുമ്പാകെ നിൽക്കുവാൻ കഴിയുന്ന ഒരേ ഒരു വ്യക്തി ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായ ക്രിസ്തു മാത്രം.

ദൈവത്തിന് ആദിയും അന്തവും ഇല്ലാത്തതു പോലെ ദൈവത്തിന്റെ വിശുദ്ധിക്കും ആദിയും അന്തവും ഇല്ല. ദൈവത്തിന്റെ വിശുദ്ധിയും നീതിയുമാണ് തേജസ്സായി തന്റെ വിശുദ്ധ മന്ദിരത്തിൽ നിറഞ്ഞു നിൽക്കുന്നത്. യഹോവയുടെ തേജസ്സ് യഹോവയുടെ ആലയത്തിൽ നിറഞ്ഞിരുന്നതു കൊണ്ട് പുരോഹിതന്മാർക്കു ശുശ്രൂഷ ചെയ്യുവാൻ കഴിഞ്ഞില്ലെന്നു കാണുന്നു. സങ്കിർത്തനക്കാരൻ പറയുന്നത് ശ്രദ്ധേയമാണ്. "യഹോവേ, വിശുദ്ധി നിന്റെ ആലയത്തിനു എന്നേക്കും ഉചിതം തന്നേ." (സങ്കീ 93:5)

ദൈവത്തിന്റെ വിശുദ്ധസ്ഥലത്ത് നിൽക്കുവാൻ വെടിപ്പും നിർമ്മലഹൃദയവും ആവശ്യമാണ്. ദൈവത്തിന്റെ വിശുദ്ധിയാണ് വിശ്വാസികളുടെ ജീവിതത്തിനും മാനദണ്ഡം. ദൈവം തന്റെ ജനത്തോടു ആവശ്യപ്പെടുന്നതും അതു തന്നെയാണ്.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" എന്നു കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ പ്രസ്താവിച്ചു. നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവരാണ് വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുന്നതെന്ന് ദാവീദും അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരിക്കുന്നു. (സങ്കീ. 15:12). അത്യുന്നതനായ ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള ശരിയായ ഒരു അവബോധം ഉള്ളവർക്കേ തങ്ങളുടെ കുറവുകൾ കണ്ട് ഉണരുവാൻ കഴിയുകയുള്ളു. പലപ്പോഴും മറ്റുള്ളവരുടെ വിശുദ്ധിയുമായി താരതമ്യം ചെയ്തിട്ട് അവരേക്കാൾ വിശുദ്ധിയുണ്ടെന്ന് അഭിമാനിച്ചുകൊണ്ട് നാം സംതൃപ്തിയടയുന്നു. മനുഷ്യരുടെ വിശുദ്ധി നോക്കാതെ, ദൈവത്തിന്റെ വിശുദ്ധി നമുക്ക് അളവുകോലായി എടുക്കാം.

മറ്റുള്ളവരുടെ കുറവുകൾ കണ്ടു പിടിച്ച യെശയ്യാ പ്രവാചകനെ ശ്രദ്ധിക്കുക. ഒന്നു മുതൽ അഞ്ചു

വരെയുള്ള അദ്ധ്യായത്തിൽ എല്ലാവർക്കും അയ്യോ കഷ്ടം എന്നു പറയുന്നു. തന്റെ വിശുദ്ധിയും മറ്റുള്ളവരുടെ വിശുദ്ധിയും തമ്മിൽ താരതമ്യം ചെയ്തപ്പോൾ അവരെക്കാൾ വിശുദ്ധനാണ് താൻ എന്ന് അദ്ദേഹം അനുമാനിച്ചു. എന്നാൽ ഉസ്സിയാ രാജാവ് മരിച്ച ആണ്ടിൽ ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ഉന്നതനും ഉൽകൃഷ്ടനുമായ കർത്താവിനെ കണ്ടു. കർത്താവിന്റെ വസ്ത്രത്തിൻ വിളുമ്പുകൾ ദൈവാലയത്തിലെ മന്ദിരത്തെ നിറച്ച കാഴ്ച കണ്ടപ്പോൾ തന്റെ അരിഷ്ടത മനസ്സിലായി. ജീവിതത്തിൽ ആദ്യമായി യെശയ്യാവ് പറഞ്ഞു : "അയ്യോ എനിക്കു കഷ്ടം" (യെശ. 6:5).

കർത്താവിനെ കടൽക്കരയിൽ വച്ച് കണ്ട പത്രൊസ്, കർത്താവിന്റെ വിശുദ്ധിയെക്കുറിച്ച് ഓർത്തപ്പോൾ ആരാധനാകുതുകിയായി കർത്താവിന്റെ കാല്ക്കൽ വീണു. "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടുപോകണമേ" എന്നു പറഞ്ഞു. (ലൂക്കൊ. 5:8).

ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ മോശെ പേടിച്ചു വിറച്ചു പോയി. ദൈവം സീനായ് മലമുകളിൽ വെളിപ്പെട്ടപ്പോൾ സ്ഥൂലമായതും, തീ കത്തുന്നതുമായ പർവ്വതത്തിനും മേഘതമസ്സ്, കൂരിരുട്ട്, കൊടുങ്കാറ്റ്, കാഹളനാദം എന്നിങ്ങനെ ദൈവത്തിന്റെ വിശുദ്ധിയെയും, വലിപ്പത്തെയും വെളിപ്പെടുത്തുന്ന ഭയാനകമായ ദൃശ്യങ്ങൾ കണ്ടു. ഞാൻ അത്യന്തം പേടിച്ചു വിറയ്ക്കുന്നു എന്നു മോശെയും പറയത്തക്കവണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു (എബ്രാ. 12:18) പുരോഹിതന്മാരുടെ ചുമലിൽ ചുമക്കേണ്ട ദൈവത്തിന്റെ വിശുദ്ധ പെട്ടകത്തെ ഉസ്സാ കൈ നീട്ടി പിടിച്ചതിനാൽ ദൈവം അവിടെവെച്ചു അവനെ സംഹരിച്ചുകളഞ്ഞു. ദാവീദ് അന്നു യഹോവയെ ഭയപ്പെട്ടുപോയി. (2 ശമു 6:9) അമസ്യാവ് യഹോവയ്ക്ക് പ്രസാദമായതു ചെയ്തെങ്കിലും ഏകാഗ്രഹൃദയത്തോടെയല്ലായിരുന്നു. അമസ്യാവ് ഏദോമ്യരെ തോല്പിച്ചു മടങ്ങിവന്നശേഷം സെയീര്യരുടെ ദേവന്മാരെ വീട്ടിൽ കൊണ്ടുവന്ന് അവയുടെ മുമ്പാകെ നമസ്ക്കരിക്കുകയും അവയ്ക്കു ധൂപം കാട്ടുകയും ചെയ്തതിനാൽ അമസ്യാവിനെ ദൈവം ശത്രുക്കളുടെ കൈയ്യിൽ ഏല്പ്പിച്ചു. ദൈവത്തോടു വ്യാജം കാണിച്ച അനന്യാസിനെയും സഫീറയെയും മരിച്ചവരായി എടുത്തുകൊണ്ടുപോയി. ജീവനുള്ള ദൈവത്തിന്റെ കൈയ്യിൽ വീഴുന്നതു ഭയങ്കരം ( എബ്രാ. 10:31).

**നമ്മുടെ തിരഞ്ഞെടുപ്പ്**

ദൈവത്തിന്റെ സന്നിധിയിൽ നാം വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് ദൈവം നമ്മെ തിരഞ്ഞെടുത്തു. നമ്മെ വീണ്ടെടുത്തിരിക്കുന്നത് ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട ദൈവകുഞ്ഞാടിന്റെ നിർദ്ദോഷവും നിഷ്കളങ്കവുമായ രക്തത്താലത്രെ. നമുക്ക് നിത്യജീവൻ ലഭിച്ചപ്പോൾ അതോടു കൂടി ദൈവത്തിന്റെ നീതിയും വിശുദ്ധിയും കൂടി ലഭിച്ചു. അവൻ നമുക്ക് ദൈവത്തിങ്കൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു. (1 കൊരി. 1:30) അത് ദൈവത്തിന്റെ പ്രവർത്തിയായതിനാൽ മാനുഷിക ദൃഷ്ടിക്ക് ആഗോചരമാണ്.

ഇന്ന് മനുഷ്യനിൽ കാണുന്ന എല്ലാ ദുർഗുണങ്ങൾക്കും കാരണം ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതിനെ വൈരൂപ്യമാക്കിത്തീർത്ത മനുഷ്യവീഴ്ചയാണ്. മാനവരാശിയെ രക്ഷിക്കുക മാത്രമല്ല, വിരൂപമായതിനെ വീണ്ടെടുത്ത് ദൈവാനുരൂപമാക്കുവാനും മനുഷ്യനു നഷ്ടപ്പെട്ട സകല അനുഗ്രഹങ്ങളും മടക്കി തരുവാനുമാണ് യേശുക്രിസ്തു കാൽവറിക്രൂശിൽ മരിച്ചത്. അതുകൊണ്ടാണ് ദാവീദ് കർത്താവിനെക്കുറിച്ച് ഇങ്ങനെപ്രസ്താവിച്ചിരിക്കുന്നത്. ഞാൻ കവർച്ച ചെയ്യാത്തതു തിരികെ കൊടുക്കേണ്ടിവരുന്നു. (സങ്കീ. 69:4). ദൈവപുത്രൻ മനുഷ്യപുത്രനായത് മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരേകേണ്ടതിനാണ്. മനുഷ്യന്റെ പ്രതിനിധിയായ ക്രിസ്തു ഇന്ന് ഉയർത്തപ്പെട്ടിരിക്കുന്നതു കൊണ്ട് മനുഷ്യനെക്കുറിച്ച് ഉണ്ടായിരുന്ന ദൈവീക ഉദ്ദേശ്യം മനുഷ്യപുത്രനായ ക്രിസ്തുവിൽ നിറവേറിയിരിക്കുന്നു.

(തുടരും....)

## കുമ്പനാട് കൺവൻഷൻ



സുവിശേഷകൻ ഫിലിപ്പ് ഏബ്രഹാമിന്റെ ജീവചരിത്രം ദൈവകൃപയാൽ എന്ന പുസ്തകം സുവി. എം.എം. സഖറിയ ഡോ. ഒ.എം. ശമുവേലിനു നൽകി പ്രകാശനം ചെയ്യുന്നു.



വേർപാട് വാർത്താ പത്രികയുടെ കൗണ്ടറിൽ ഡോ. ജോൺസൺ സി. ഫിലിപ്പ്.

# വേർപാട് ന്യൂസ്

## ഉള്ളടക്കം നിലവാരമുള്ളത്

സഹോദരൻ സൈറസ് ബെനഡിക്ട് 'വേർപാട്' മാസികയ്ക്ക് എഴുതുന്നത്, വേർപാട് മാസിക ഉള്ളടക്ക വിഷയങ്ങളിൽ നിലവാരം പുലർത്തുന്നുണ്ട്. വേർപാട് ആവിയായിക്കൊണ്ടിരിക്കുന്ന ബ്രദറൺ സമൂഹത്തിൽ അതിനൊരു സ്ഥായീഭാവം നല്കുവാനുള്ള നിങ്ങളുടെ പരിശ്രമങ്ങൾ വിജയമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

സൈറസ് ബെനഡിക്ട്, ഗുജറാത്ത്

വേർപാടു വാർത്താപത്രിക ലഭിക്കുന്നുണ്ട്. വളരെ അനുഗ്രഹമാണ്. ഈ കാലയളവിൽ ആവശ്യമായ ഒരു പ്രസിദ്ധീകരണം തന്നെ. തുടർന്നും അയച്ചു തരണമെ.

**സുവി. കെ.കെ. കുര്യാക്കോസ്, നിലമ്പൂർ.**

## മല്ലശ്ശേരി കൺവൻഷൻ

മല്ലശ്ശേരി ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2012 ജനുവരി 25 ബുധൻ മുതൽ 29 ഞായർ വരെ സുവിശേഷമഹായോഗവും സംഗീതശുശ്രൂഷയും നടത്തപ്പെടുന്നു. ബിജു ആലടി, ജോസ് മാങ്കുടി, വർഗ്ഗീസ് കെ. കുര്യൻ, പി.ജി. ജെയിംസ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതും, മാത്യു ജോൺ, ജോബി ജെയിംസ്, ആലിച്ചൻ ആന്റണി എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതുമാണ്. ദൈവമക്കൾ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

കെ.സി. സാം.

## മഹത്വത്തിൽ

**ബാംഗ്ലൂർ** : സുവി. ജയലാൽ തോമസ് (55) 2011 ഡിസംബർ 21 നു ഹൃദയാഘാതം മൂലം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 23 നു സംസ്ക്കരിച്ചു.

**മണ്ണാരുക്കുളഞ്ഞി** : മണ്ണാരക്കുളഞ്ഞി ബ്രദറൺ സഭയിലെ മൂപ്പന്മാരിൽ ഒരാളായ സഹോ. പി.ഇ. ഏബ്രഹാം (86) 2011 ഡിസംബർ 20നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ഡിസംബർ 24 നു മൈലപ്രാ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**തൃശ്ശൂർ** : സഹോദരി ചിന്നമ്മ കുര്യപ്പൻ 2011 ഡിസംബർ 15-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 17-നു സംസ്ക്കരിച്ചു.

**കിഴക്കമ്പലം** : സഹോ. എം.വി. ജോസ് (61) 2011 ഡിസംബർ 13-നു ഹൃദയാഘാതത്തെ തുടർന്നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 17-നു തെങ്ങോടു ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**പത്തനാപുരം:** സഹോ. എം.കെ. ഡാനിയേൽ (യു.എസ്.എ) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 2011 ഡിസംബർ 17-നു സംസ്ക്കരിച്ചു.

**കുമളി** : സഹോ. കെ.വി. മത്തായി (കുമളി മത്തായിച്ചൻ 80) 2011 ഡിസംബർ 9-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ഡിസംബർ 14-നു സംസ്ക്കരിച്ചു.

**കരിയംപ്ലാവ്** : സഹോദരി മോളി ജോർജ്ജ് ഡിസംബർ 8-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ഡിസംബർ 10-നു സംസ്ക്കരിച്ചു.

**പുത്തൻകാവ്** : സഹോ. അനീഷ് ജേക്കബ് വേദനയാതനകളിൽ നിന്നും സ്വതന്ത്രനായി ശാന്തതീരമണഞ്ഞു. കഴിഞ്ഞ ഏഴു വർഷങ്ങളായി ക്യാൻസർ ബാധിതനായി വിവിധ ആശുപത്രികളിൽ ചികിത്സയിലായിരുന്ന പ്രിയ സഹോദരൻ 2011 ഡിസംബർ 6-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ഡിസംബർ 9-നു പുത്തൻകാവ് ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**മൈലപ്ര** : സഹോ. കെ.ടി. പത്രോസ് 2011 നവംബർ 23-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 28-നു മൈലപ്ര ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**മൈലപ്ര** : കെ.എ. ഫിലിപ്പ് സാറിന്റെ മരുമകൾ സൂസൻ ജസ്റ്റിൻ (42) ക്യാൻസർ രോഗബാധയെ തുടർന്ന് 2011 നവംബർ 22-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 25-നു മൈലപ്ര ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**കുറിയന്നൂർ** : സഹോദരി തങ്കമ്മ മാത്യു (86) ഡിസംബർ 13-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 17-നു കുറിയന്നൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**ഔറംഗബാദ്** : സഹോ. വിശ്വാസ് ഗൻവിർ (59) വാഹനാപകടത്തെ തുടർന്നു 2011 ഡിസംബർ 2-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**തൃശ്ശൂർ** : കിഴക്കേ കോട്ട ബ്രദറൺ സഭാംഗമായ സഹോ. വി.റ്റി ജോർജ്ജ് (ബേബി) 2011 ഡിസംബർ 23-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 24-നു ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**കാഞ്ഞിരപ്പള്ളി** : സഹോ. എം.എസ്.ജോസ് (65) 2011 ഡിസംബർ 23-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**തിരുവനന്തപുരം** : പരേതനായ സഹോ. വി.പി. ജേക്കബ്ബിന്റെ ഭാര്യ 2011 ഡിസംബർ 21-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 28-നു ബദേസ്ഥാ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**മിഷിഗൺ** : ബ്ര. ജെയിംസ് ഏബ്രഹാം (90) 2011 ഡിസംബർ 20-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 24-നു സംസ്ക്കരിച്ചു.

**കണ്ണൂർ** : തേർത്തല്ലി ബ്രദറൺ സഭയിലെ അംഗമായ സഹോ. യു.എം. ജോസ് മരത്തിൽ നിന്നും വീണു 2011 ഡിസംബർ 27-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 28-നു ചെറുപുഴ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**പത്തനംതിട്ട** : നന്നുവക്കാട് ബ്രദറൺ സഭാംഗമായ സഹോ. ദാനിയേൽ ചാക്കോ (80) 2011 ഡിസംബർ 26-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

## രോഗികൾ

**അങ്കമാലി** : സുവി. എം.എ. പൗലോസിന്റെ മകൻ ആന്റോ പൗലോസ് (24) ക്രോൺസ് രോഗത്താൽ ഭാരപ്പെടുന്നു. ആയുഷ്ക്കാലം വരെ ജീവിതത്തെ ദുരിതപൂർണ്ണമാക്കാൻ കഴിയുന്ന രോഗമാണിത്. എങ്കിലും ആധുനിക വൈദ്യശാസ്ത്ര പ്രകാരം, ആരംഭത്തിൽ തന്നെ കണ്ടെത്തിയാൽ സുഖം പ്രാപിക്കാം എന്നു പറയപ്പെടുന്നു. കൊച്ചിയിലെ വിദഗ്ധരായ ഡോക്ടർമാർ പറഞ്ഞതു 9 ഇഞ്ചക്ഷൻ എടുത്താൽ സുഖം പ്രാപിക്കും എന്നാണ്. ഓരോ ഇഞ്ചക്ഷനും 41,000 രൂപ ചെലവാണ്. ഇതിനോടകം 6 ഇഞ്ചക്ഷനുകൾ എടുത്തു കഴിഞ്ഞു. 3 ഇഞ്ചക്ഷൻ കൂടി ആവശ്യമാണ്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും സഹോദരന് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് സഹോ. എം.എ. പൗലോസ് - 9446867026 M.A. Poulose, Mattekkaden House, Elavoor, Angamaly 683572.

**കുവൈറ്റ്** : സഹോ. പി.സി. ചാക്കോ ഉയർന്ന രക്തസമ്മർദ്ദം മൂലം ഭാരപ്പെടുന്നു. വിടുതലിനായി പ്രാർത്ഥിക്കുക.

**ലുധിയാന**: സുവി. മഥൻപോളിന്റെ ഭാര്യ മോളി പോൾ ക്യാൻസർ രോഗത്താൽ ഭാരപ്പെടുന്നു. ഈ ദിവസങ്ങളിൽ കൂടുതൽ പ്രയാസങ്ങളിലൂടെ കടന്നുപോകുന്ന സഹോദരിക്കുവേണ്ടി പ്രാർത്ഥിക്കുക.

**നെല്ലിക്കുന്ന്** : സുവി. ജോഷി ജോൺ ഹെർണിയ ഓപ്പറേഷനെതുടർന്ന് ഇൻഫക്ഷനായി ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്നു. വിടുതലിനായി പ്രാർത്ഥിക്കുക.

**ന്യൂഡൽഹി** : സഹോ. ഷിജു മാത്യു പോളിന്റെ മകൾ കെസിയ എലിസബത്ത് ഷിജു (3) അന്ധയും മൂകയും ബധിരയുമായാണ് ജനിച്ചത്. പല ഓപ്പറേഷനെ തുടർന്നു കാഴ്ച അല്പം ലഭിച്ചിട്ടുണ്ട്. പ്രിയ കുഞ്ഞിന് കേൾവി ലഭിക്കുന്നതിന് ഉതകുന്ന ഉപകരണം വാങ്ങുന്നതിനും ഓപ്പറേഷനുമായി ഏകദേശം 9 ലക്ഷ ത്തോളം രൂപ ആവശ്യമായിരിക്കുന്നു. പ്രിയ കുഞ്ഞിനു വേണ്ടി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. കൂടുതൽ വിവരങ്ങൾക്ക് ഷിജു മാത്യു - 09871523384.

**കളമശ്ശേരി** : സഹോ. സാം മാത്യു ഹിപ്പ് ബോൺ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കു വിധേയനായി ഭവനത്തിൽ വിശ്രമിക്കുന്നു. പരിപൂർണ്ണ വിടുതലിനായി പ്രാർത്ഥിക്കുക.

**പിറവം** : സുവി പി.വി. ബഞ്ചമിന്റെ മകൻ ടൈറ്റസ് മഞ്ഞപ്പിത്തത്തെ തുടർന്നു ചികിത്സയിലായിരിക്കുന്നു. പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പൊള്ളാച്ചിക്കുവേണ്ടി പ്രാർത്ഥിക്കുക

തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ നിന്നും 35 കി.മി. അകലെ നരിക്കൽപതി എന്ന ആദിവാസി ഗ്രാമത്തിൽ സുവി. ഷാജി ജെ. പോൾ പ്രവർത്തിച്ചതിന്റെ ഫലമായി ഇരുപതോളം പേർ താല്പര്യത്തോടെ വചനം പഠിക്കുവാൻ കടന്നുവരുന്നുണ്ട്. 4 പേർ സ്നാനപ്പെടുവാൻ തയ്യാറായിട്ടുണ്ട്. ഒരു സ്ഥലം സഭ സ്ഥാപിതമാകാൻ ദൈവജനത്തിന്റെ പ്രാർത്ഥനഅഭ്യർത്ഥിക്കുന്നു. സഹോദരന്റെ വിലാസം : Shaji J. Paul, 59/60, Alagappa Layout, Venkatesa Colony, Pollachi - 642 001, T.N.

## ബി.ബി.ഐ. ഗ്രാജുവേഷൻ

**പത്തനംതിട്ട** : ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പതിനാലാമത് ബിരുദദാനചടങ്ങ് ദൈവഹിതമായാൽ 2012 ഫെബ്രുവരി 18-നു രാവിലെ 10 മണിക്ക് ബി.ബി.ഐ. ആഡിറ്റോറിയത്തിൽ വെച്ച് നടക്കും. ഇതോടനുബന്ധിച്ച് ഫെബ്രുവരി 16,17 തീയതികളിൽ പരിയാരത്ത് വെച്ച് പ്രത്യേക യോഗങ്ങൾ നടക്കുന്നതാണ്. മദ്രാസിലെ സ്റ്റീവാർഡ്സ് ബൈബിൾ കോളേജ് പ്രിൻസിപ്പാളായ സഹോ. കെ.എ. മാത്യു മുഖ്യാതിഥി ആയിരിക്കും. പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്താലും (ഡോ. ഒ.എം. ശമുവേൽ, കെ.എ. ഫിലിപ്പ്, എം.ടി. ജോർജ്ജ്)

## കൊട്ടാരക്കര കൺവൻഷൻ

**കൊട്ടാരക്കര** : ഈ വർഷത്തെ കൺവൻഷൻ പുലമൺ ബ്രദറൺ ഗോസ്പൽ ഹാളിൽ വച്ച് 2012 ജനുവരി 16-22 വരെ നടക്കും. ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗ്ഗീസ് കെ. കുര്യൻ, ശമുവേൽ ബി. തോമസ് (മഥുര), ജോസ് മാത്യു (മംഗലാപുരം) എന്നീ കർത്തൃദാസന്മാർ പ്രസംഗിക്കും. യോഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കണമെ.

## ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രീസ്

**എറണാകുളം** : 2011 നവംബർ മാസം 18-ന് എറണാകുളം നോർത്ത് ബ്രദറൺ ഹാളിൽ കൂടിയ ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രീസ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗിൽ കഴിഞ്ഞ അർദ്ധവർഷ പ്രവർത്തന

ങ്ങളെ വിലയിരുത്തി. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വടക്കേ ഇന്ത്യൻ ഭാഷകളിലേക്കുള്ള ലിറ്ററേച്ചറിന് ആവശ്യം കൂടിയിട്ടുണ്ട്. എന്നാൽ ആവശ്യത്തിനൊത്ത് വിതരണം ചെയ്യാൻ കഴിയുന്നില്ല. കാരണം സാമ്പത്തിക പ്രതിസന്ധി ആണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സഭകളിൽ നിന്നും വ്യക്തികളിൽ നിന്നും 3,00,000 ലഭിച്ചു. ഈ വർഷം അത് 1,90,000 ആയി ചുരുങ്ങി. ഈ വിവരം ദൈവജനത്തെ അറിയിക്കുന്നതിനായി തീരുമാനം എടുത്തു.

കർത്താവിന്റെ വേലയിൽ ഭാരമുള്ള ദൈവജനം ഇൻഡ്യയിലെ വേലയ്ക്കുവേണ്ടി ഉദാരമായി കൊടുക്കേണ്ട സമയമാണിത്. അതിനായി കർത്താവ് നമ്മുടെ കരങ്ങളെ ബലപ്പെടുത്തട്ടെ. സാമ്പത്തിക സഹായം കാണിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി താഴെ കാണുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നു.

ചെക്കുകളും ഡ്രാഫ്റ്റുകളും അയക്കുന്നവർ "Evangelical Literature Ministries" Ernakulam എന്ന പേരിൽ ചുവടെ ചേർക്കുന്ന വിലാസത്തിൽ അയക്കുക Babukutty Thomas, Secretary (Elm) Boat Jetty Road, Vaduthala, Ernakulam - 682 023,

## കുമ്പനാട് കൺവൻഷൻ

## ഉൽകൃഷ്ട ഉദ്യോഗം

**ശാമുവൽ ബി. തോമസ്**



**കുമ്പനാട്** : ജീവനുള്ള ദൈവത്തെ സേവിക്കുന്നതിലും ഉന്നതമായ ഒരു ജോലിയില്ല. ഭൗമിക തൊഴിലുകൾ നമുക്കു കഴിവിനെ ആശ്രയിച്ചു ലഭിക്കുന്നു. എന്നാൽ കർത്താവിന്റെ വേലക്കാരനുണ്ടായിരിക്കേണ്ട യോഗ്യത സമർപ്പണവും വിളിയും ആണ്. മലാഖി പ്രവചനം 3:13-17 വാക്യങ്ങളിൽ യിസ്രായേൽ ജനം ദൈവത്തെ ചോദ്യം ചെയ്യുന്നതും, ആ നിലയിലുള്ള മത്സരബുദ്ധികളെ ദൈവം സ്നേഹിക്കുന്ന വിധങ്ങളും നാം കാണുന്നു. ദൈവത്തിന്റെ ജനവും ശുശ്രൂഷകരുമായ നമ്മെ ആരും ശ്രദ്ധിച്ചില്ലെന്നും ആദരിച്ചില്ലെന്നും വരാം. പ്രസംഗങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും അവഹേളിച്ചു എന്നും വരാം. എന്നാൽ നിരാശപ്പെടുവാൻ ആവശ്യമില്ല. നമുക്കു ലഭിച്ചിരിക്കുന്ന സ്വർഗ്ഗീയ വിളിയെ ഏകലക്ഷ്യമായി കണ്ടാൽ ഈ ലോക കഷ്ടങ്ങളും നിന്ദകളും സാരമില്ല എന്നെണ്ണുവാൻ സാധിക്കും. ദുഷ്ടത പ്രവർത്തിക്കുന്നവർ നല്ല നിലയിൽ ജീവിക്കുന്നു എന്നു നിനച്ചു ദൈവത്തെ ചോദ്യം ചെയ്യാനിടവരരുത്. നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഓർത്തു ദൈവത്തിനു മഹത്വം കൊടുക്കണം. നാം നമ്മുടെ കർത്താവിന്റെ അവകാശമാണെന്ന ചിന്ത നമ്മെ ഭരിക്കണം. അപ്പോൾ നമുക്ക് ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ സാധിക്കും. കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് നടന്ന സുവിശേഷ പ്രവർത്തകരുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

## മടുപ്പിക്കരുത് തളർത്തരുത്

**എം.എം. സഖറിയ**



സുവിശേഷകന്റെ പ്രഥമവും ആത്യന്തികമായ ലക്ഷ്യം തന്നിൽ ഭരമേൽപ്പിക്കപ്പെട്ട ശുശ്രൂഷ തികയ്ക്കണം എന്നതായിരിക്കണം. അമ്മ തന്റെ കുഞ്ഞിനെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നതുപോലെയും പിതാവ് മക്കളുടെ നന്മയെ കരുതി ശാസിക്കുന്നതുപോലെയും സുവിശേഷകന്മാർ വിശ്വാസികളോടു പെരുമാറണം. സഹവിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നവരായിരിക്കണം. മടുപ്പിക്കയോ തളർത്തുകയോ അരുത്. കാരണം ദൈവത്തിന്റെ ആട്ടിൻക്കൂട്ടത്തെ നയിക്കുവാൻ നിയുക്തരാണ് നാം. വിശ്വാസികളെ പ്രോത്സാഹിപ്പിച്ചും പ്രബോധിപ്പിച്ചും ആത്മീക ജീവിതത്തിൽ കുതിച്ചു ചാടുമാറ് അവർക്ക് നാം സഹായികളായിരിക്കണം. കാരണം നാം മനുഷ്യരാലല്ല, ദൈവത്താലാണ് നിയുക്തരായിരിക്കുന്നത്. സ്ഥലം സഭകളുടെയും വിശ്വാസ സമൂഹത്തിന്റേയും അഭിവൃദ്ധിയായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. സുവിശേഷകന്മാരുടെ യോഗത്തിൽ സംസാരിക്കവെ സഹോ. എം.എം. സഖറിയ ഓർപ്പിച്ചു.

## സുവിശേഷ സാക്ഷ്യം

കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് നടന്ന സുവിശേഷകന്മാരുടെ സമ്മേളനത്തിൽ സാക്ഷ്യം പങ്കുവയ്ക്കുന്നവർ. കർത്തൃശുശ്രൂഷയിലായിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക.


എ.എൻ വൽസലം (വയനാട്)


അച്ചൻകുഞ്ഞ് (തമിഴ്നാട്)


ബേബിച്ചൻ (കാസർഗോഡ്)


സി.ഡി. സെബാസ്റ്റ്യൻ (ആലപ്പുഴ)


ഡേവിഡ്സൺ (ആസാം)


ആർ. രാജൻ (ന്യൂഡെൽഹി)


ജോബ് ജോസഫ് (ഇടുക്കി)


ജോയി ചാക്കോ (മംഗലാപുരം)


കെ.ഒ. ജോസ് (തൊടുപുഴ)


കെ.ഗോപാലകൃഷ്ണൻ (ജാർഖണ്ഡ്)


മൈക്കിൾ ജി (തമിഴ്നാട്)


രാജേന്ദ്രൻ


തോമസ് കോശി (തിരുപ്പൂർ)


പി.പി. വർഗ്ഗീസ് (അങ്കമാലി)



പങ്കജ് മൺഡൽ (ബീഹാർ)


ഫിലിപ്പോസ് (തിരുവനന്തപുരം)


ടി.സി. റെജി (എറണാകുളം)


എസ്. ശാമുവേൽ


വിൻസെന്റ് ജെ. (കന്യാകുമാരി)


എസ്. എൻ. രാജൻ


സഞ്ജയ് മണ്ഡൽ (വെസ്റ്റ് ബംഗാൾ)


പി.ഇ. സാംകുട്ടി നന്ദി പ്രകാശിപ്പിക്കുന്നു


സാം സഖറിയ (കൊട്ടാരക്കര )


നമുക്കൊന്നായ് പാടാം – സുവിശേഷകന്മാർ ഒരുമിച്ചു ഗാനം ആലപിക്കുന്നു.


കുമ്പനാട് കൺവൻഷനിൽ ഗാനശുശ്രൂഷ നിർവ്വഹിക്കുന്ന സഹോ. ജെ.പി. രാജനും സംഘവും.

# ഷാജി എ. സി.



കേരളത്തിലെ ആലപ്പുഴ ജില്ലയിൽ ഒരു കത്തോലിക്ക കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. എന്നെ ഒരു കത്തോലിക്ക പുരോഹിതനാക്കണം എന്ന ആഗ്രഹത്താൽ എന്റെ മാതാപിതാക്കൾ എന്നെ 10-ാം വയസ്സിൽ തന്നെ കൊച്ചിയിലെ ഒരു കത്തോലിക്കരുടെ ഹോസ്റ്റലിൽ പഠനത്തിനായി ചേർത്തു. എന്നാൽ പുരോഹിതന്മാരുടെ കൂടെയുള്ള 6 വർഷത്തെ താമസവും പഠനവും എന്നെ ദൈവനിഷേധിയും മതനിന്ദകനുമാക്കി തീർത്തു. പഠനം ഇടയ്ക്ക് വച്ച് ഉപേക്ഷിച്ച് പണം ഉണ്ടെങ്കിൽ ലോകത്തിൽ നേടാൻ കഴിയാത്തത് ഒന്നുമില്ല എന്ന ചിന്തയിൽ ബോംബെയിൽ എത്തുകയും മൂന്നുവർഷം ബോംബെയിലും ഗുജറാത്തിലുമായി ജോലി ചെയ്യുകയും ചെയ്തു. കിട്ടിയ പണമെല്ലാം കൂട്ടുകാരുമായി ധൂർത്തടിച്ച് നശിപ്പിച്ചു. നിരാശനായി കേരളത്തിൽ മടങ്ങിവന്ന് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ഇടയായി. എന്നാൽ എന്നെ എങ്ങനെയെങ്കിലും ദൈവവഴിയിലേക്ക് കൊണ്ടുവരണം എന്ന ആഗ്രഹത്തോടെ നാട്ടുകാരും മാതാപിതാക്കളും ചേർന്ന് നിർബന്ധപൂർവ്വം പോട്ടയിലെ കരിസ്മാറ്റിക്ക് ധ്യാനകേന്ദ്രത്തിലേക്ക് കൊണ്ടുപോകുവാൻ ഇടയായി. ആദ്യം അതിനോട് യാതൊരു താല്പര്യവും ഇല്ലാതെയാണ് ഞാൻ അവിടെ ഇരുന്നതെങ്കിലും ഉച്ചകഴിഞ്ഞുള്ള ശുശ്രൂഷയിൽ അവിടെ പ്രസംഗിച്ച യിരമ്യാവ് 29:11 -ലെ വചനം എന്റെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി. എന്റെ നന്മയ്ക്കായ് നിരൂപിക്കുന്ന ഒരു ദൈവം ഉണ്ടെങ്കിൽ ആ ദൈവത്തെ കണ്ടെത്തണം എന്ന ചിന്ത എന്നെ ഭരിക്കയും മടങ്ങി വീട്ടിൽ വന്ന ശേഷം മറ്റൊന്നും ചെയ്യാതെ രാവും പകലും ഇരുന്ന് തുടർച്ചയായി ബൈബിൾ മുഴുവനായി വായിച്ചു തീർത്തു. ഒരു ദൈവമുണ്ടെന്ന് ബോധ്യപ്പെട്ട ഞാൻ പോട്ടയുമായി ബന്ധപ്പെട്ട കരിസ്മാറ്റിക്ക് പ്രവർത്തകനും, പ്രസംഗകനുമായി തീർന്നു. എന്നാൽ കരിസ്മാറ്റിക്കിലും കത്തോലിക്ക സഭയിലും ചെയ്യുന്നതെല്ലാം തന്നെ വചനവിരുദ്ധമാണെന്ന് ബോധ്യമുണ്ടായി. വചനം അനുസരിക്കുന്ന ഒരു കൂട്ടത്തെ കണ്ടുകിട്ടുവാൻ നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സുവിശേഷകൻ എം.സി. രാജു എഴുതിയ 'ചിന്താശകലങ്ങൾ' എന്ന ചെറു പുസ്തകം എഴുപുന്നയിലുള്ള എന്റെ അമ്മവീട്ടിൽ കിടന്ന് ലഭിച്ചു. ദൈവവചനവും കത്തോലിക്ക ആചാരങ്ങളും തമ്മിലുള്ള വൈരുദ്ധ്യം ആ പുസ്തകത്തിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടു. പുസ്തകത്തിന്റെ പുറകിലുണ്ടായിരുന്ന വിലാസത്തിൽ രാജു സഹോദരന് കത്തെഴുതുകയും താൻ എന്റെ വീട്ടിൽ വന്ന് രക്ഷയെക്കുറിച്ച് പറയുകയും ആ ആഴ്ചയിൽ നടക്കുന്ന മാസവേലയുടെ യോഗങ്ങളിൽ സംബന്ധിക്കുവാൻ ക്ഷണിക്കുകയും ചെയ്തു. താല്പര്യപൂർവ്വം ഞാൻ കടന്നുപോകയും ആദ്യദിവസത്തെ യോഗത്തിൽ 1994 മാർച്ച് 9-ന് യേശുവിനെ എന്റെ രക്ഷിതാവായി സ്വീകരിച്ചു. ഏപ്രിൽ 24-ന് സ്നാനപ്പെട്ടു. ഏഴുപുന്ന ബ്രദറൺ സഭയുടെ യോഗങ്ങളിലും പ്രവർത്തനങ്ങളിലും അത്യുൽസാഹത്തോടെ സംബന്ധിച്ചു കൊണ്ടിരിക്കെ, കർത്താവു എന്നെ തന്റെ വേലയ്ക്കായ് വിളിച്ചുവെന്ന് സഭയ്ക്ക് ബോധ്യം വരുകയും അവർ എന്നെ അതിനായ് പ്രാർത്ഥിച്ച് വേർതിരിക്കുകയും ചെയ്തു. 1995ൽ വചനപഠനത്തിനായ് സഭ എന്നെ അൾവറിലെ എൻ.ഐ.ബി.ഐ.യിലേക്ക് വിട്ടു. പഠനശേഷം മടങ്ങിവന്ന് സഭയോട് ചേർന്ന് ഒരു വർഷം പ്രവർത്തനങ്ങളിൽ സഹകരിച്ചുപോന്നു. വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കാനുള്ള താല്പര്യം സഭയെ അറിയിക്കുകയും സഭ പ്രാർത്ഥിച്ചയച്ചതനുസരിച്ച് ചില മാസങ്ങൾ ഡൽഹിയിലെ ഓയിൽഷാഡ് ഗാർഡനിൽ ഉള്ള രഹ്ബോത്ത് ബ്രദറൺ അസംബ്ലിയോട് ചേർന്ന് പ്രവർത്തിച്ചു. 1998-ൽ ഗുജറാത്തിലെ ഉമ്മർഗാവിലേക്ക് പ്രവർത്തനങ്ങൾക്കായ് കടന്നുവന്നു. 1999-ൽ മുളന്തുരുത്തി സഭാംഗമായ സുനിയെ വിവാഹം കഴിച്ചു. ദൈവം ഞങ്ങൾക്ക് 2 പെൺകുഞ്ഞുങ്ങളെ (ക്രിസ്റ്റീന12, ബ്ലസ്സി -10) നല്കി. ഉമ്മർഗാവിലും, ചുറ്റുപാടുമുള്ള ആദിവാസി ഗ്രാമങ്ങളിലും പ്രവർത്തിച്ചതിന്റെ ഫലമായി 2002-ൽ വർവാഡ എന്ന ഗ്രാമത്തിൽ സഭാകൂടിവരവ് ആരംഭിച്ചു. 2003-ൽ ബോബിപാഡ എന്ന ഗ്രാമത്തിലും സഭാകൂടിവരവ് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. 2004-ൽ കേന്ദ്രഭരണ പ്രദേശമായ ഡമനിലെക്ക് മാറി പ്രവർത്തിച്ചതിന്റെ ഫലമായി 2006-ൽ 10 പുതിയ വിശ്വാസികളുമായി സഭാകൂടിവരവ് ആരംഭിക്കുവാൻ ദൈവം ഇടയാക്കി. ഇപ്പോൾ ഇവിടെ 10 കുടുംബാംഗങ്ങളിൽ നിന്ന് 40 -ഓളം പേർ കൂടിവരുന്നു. സഭാഹോളിനായ് 6 സെന്റ് സ്ഥലം വാങ്ങിക്കുവാൻ ദൈവം സഹായിച്ചു. ഇവിടെ ഒരു സഭാ ഹാൾ ഉണ്ടാകുവാനും പ്രവർത്തനം കൂടുതൽ അനുഗ്രഹിക്കപ്പെടുവാനും മറ്റു ഗ്രാമങ്ങളിലും സഭാ കൂടിവരവുകൾ ഉണ്ടാകേണ്ടതിനും പ്രാർത്ഥനയിൽ ഓർക്കുവാൻ അപേക്ഷിക്കുന്നു.

Mr. A.C. Shaji,
F1/1, Roshni Apts, P.O. Box 21,Nr. Veterinary Dispensary, Mashal Chowk
Nani Oaman P.O., Daman , U.T. 396210
Ph : 09974311695

# മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മുടെ പങ്ക്


കഴിഞ്ഞ രണ്ട് മാസത്തോളമായി മുല്ലപ്പെരിയാർ വിഷയം കേരളത്തിലും തമിഴ്നാട്ടിലും ചൂടേറിയ ചർച്ചകൾക്കും പ്രതിവാദങ്ങൾക്കും കാരണമായി ത്തീർന്നിരിക്കുകയാണ്. മുല്ലപ്പെരിയാർ കേരളജന തയ്ക്കു ഒരു ഭീഷണിയായി തലയ്ക്കു മുകളിൽ നിൽക്കുന്നു. ആകയാൽ ദൈവജനം ഇടിവിൽ നിൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

കേരളത്തിൽ സ്ഥിതി ചെയ്യുന്നതും ഒരു നൂറ്റാണ്ടില ധികം പഴക്കമുള്ളതുമായ ഒരു ഡാം ആണ് മുല്ലപ്പെ രിയാർ. ഈ ഡാമിലെ വെള്ളം ഉപയോഗിക്കുന്ന തിൽ ഒരു പാട്ടക്കരാർ നിമിത്തം തമിഴ്നാടിന് ചില അവകാശവാദങ്ങൾ ഉണ്ട്. രാഷ്ട്രീയ രംഗത്തെ ഗതിവിഗതികൾ മുതലാക്കി തമിഴ്നാട് തങ്ങളുടെ ആധിപത്യം മുല്ലപ്പെരിയാറിൽ സ്ഥാപിച്ചിരുന്നു. 50 വർഷത്തെ ആയുസ്സ് പറഞ്ഞ് പണിയപ്പെട്ട ഡാം ഇപ്പോൾ 116 വർഷം പിന്നിട്ടിരിക്കുകയാണ്. കാല ഹരണപ്പെട്ട ഡാമിൽ ചോർച്ചകളും ബലക്ഷയവും വർദ്ധിച്ചതും അടിക്കടിയുണ്ടാകുന്ന ഭൂചലന ങ്ങളും ഭീതിജനകമായ ഒരന്തരീക്ഷം സൃഷ്ടിച്ചിരി ക്കുകയാണ്. ഡാം തകർന്നാൽ 35 ലക്ഷത്തിൽപ്പരം കേരളീയരെ അതു ദോഷമായി ബാധിക്കും. കേരള ത്തിന്റെ സാമ്പത്തിക മേഖലകളും വ്യവസായിക മേഖലകളും വെള്ളത്തിലാകും. ലക്ഷക്കണക്കിനാ ളുകളും മരണത്തിനു കീഴടങ്ങും. തമിഴ്നാടിനും വെള്ളം ലഭിക്കാതെ 5 ജില്ലകൾ വരണ്ടുണങ്ങും.

കേരളജനതയ്ക്കു സുരക്ഷയും തമിഴ്നാടിനു ജലവും എന്ന ആപ്തവാക്യവുമായി ഉണർന്നു പ്രവർത്തിക്കാൻ തയ്യാറായ കേരളഗവൺമെന്റി നോടുള്ള തമിഴ്നാടിന്റെ സമീപനം നിഷേധാത്മക മായി തുടരുന്നു. തന്നെയുമല്ല, തമിഴ്നാട്ടിലുള്ള മല യാളികൾക്കും മലയാളികൾ നടത്തുന്ന സ്ഥാപന ങ്ങൾക്കുമെതിരെ ആക്രമം അഴിച്ചു വിടുകയും ചെയ്യുന്ന അവസ്ഥ സ്ഥിതി വഷളാക്കുകയാണ്.

കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ പഠനത്തി നായും ജോലിക്കുവേണ്ടിയും താമസമാക്കിയിരി ക്കുന്ന കേരളീയരുടെ ജീവിതം ഭീതിനിറഞ്ഞ അന്ത രീക്ഷത്തിലാണ്. നമ്മുടെ കുഞ്ഞുങ്ങളും സഹോദ രിസഹോദരന്മാരും സുരക്ഷിതരായിരിപ്പാൻ ദൈവ ജനം ജാഗ്രതയോടെ പ്രാർത്ഥിക്കേണ്ടിയിരിക്കു ന്നു. ഭരണാധികാരികൾ രാഷ്ട്രീയ അന്ധത വെടിഞ്ഞ് കാര്യപ്രാപ്തിയോടും വിവേകത്തോടും തീരുമാനങ്ങൾ എടുക്കേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

സുനാമി പോലെയോ അപ്രതീക്ഷിതമായുണ്ടാ കുന്ന ഭൂകമ്പം, പേമാരി എന്നിവ പോലെയോ അല്ല മുല്ലപ്പെരിയാർ. കാലഹരണപ്പെട്ട ഒരു ഡാം ജല ബോംബായി കേരളീയരായ നമ്മുടെ തലയ്ക്കു മുകളിൽ നിൽക്കുമ്പോൾ ഒരു ദുരന്തമുണ്ടായാൽ അതു നാം വരുത്തി വച്ച ദുരന്തമായി തന്നെ നിൽക്കും. പെരിയാറിന്റെ തീരത്തും ഇടുക്കിയിലുമുള്ള കുഞ്ഞു ങ്ങൾ ഉറങ്ങാൻ പോലുമാകാതെ ഭീതിയിൽ കഴിയു മ്പോൾ വിശ്വാസികളായ നമുക്ക് ഉത്തരവാദിത്തം ഏറെയാണ്. രാഷ്ട്രങ്ങളുടെ മേൽ അധികാരമുള്ള വനും ഭരണാധികാരികളെ നീക്കുകയും നിയമിക്കു കയും ചെയ്യുന്നവനുമായ നമ്മുടെ കർത്താവിന്റെ കര ങ്ങളിൽ നമുക്കു ഏകാഗ്ര ഹൃദയത്തോടെ വിഷയം ഭര മേൽപ്പിക്കാം. കേരളവും തമിഴ്നാടും തമ്മിലുള്ള ഒരു പോരാട്ടമായി ഇതു മാറാതെ ജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി തീരുമാനത്തിൽ ഒരു സമവായം ഉണ്ടാകു വാൻ നമുക്ക് പ്രാർത്ഥിക്കാം.



**സുനാമി പോലെയോ അപ്രതീക്ഷിതമായുണ്ടാ കുന്ന ഭൂകമ്പം, പേമാരി എന്നിവ പോലെയോ അല്ല മുല്ലപ്പെരിയാർ. കാലഹരണപ്പെട്ട ഒരു ഡാം ജല ബോംബായി കേരളീയരായ നമ്മുടെ തലയ്ക്കു മുകളിൽ നിൽക്കുമ്പോൾ ഒരു ദുരന്തമുണ്ടായാൽ അതു നാം വരുത്തി വച്ച ദുരന്തമായി തന്നെ നിൽക്കും.**

**പൂർവ്വകാല സ്മരണകൾ.**

തുടർച്ച (8) .....

# കുന്നംകുളത്തെ സുവിശേഷ വിപ്ലവം

ഇ.പി. വർഗ്ഗീസ്

കുന്നംകുളത്തെ മർത്തോമ്മക്കാരുടെ ഇടയിൽ നവീകരണം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലത്താണ് മി. നാഗൽ അവിടെ ചെന്നെത്തിയത്. തുടർന്നുണ്ടായ സംഭവപരമ്പരകളെ വിചാരിച്ചാൽ "കിഴക്കു കണ്ട നക്ഷത്രം" അവിടേക്ക് മി. നാഗലിനെനടത്തി എന്നു വിശ്വസിക്കുവാനേആർക്കും സാധിക്കൂ. സുവിശേഷ വിപ്ലവം ദേശത്തെ ഒന്നാകെ ഗ്രസിച്ചുകഴിഞ്ഞിരുന്നു. രാത്രി മുഴുവൻ പ്രാർത്ഥനായോഗങ്ങളും പകൽ വിവിധ തരത്തിലുള്ള സുവിശേഷപ്രവർത്തനങ്ങളും നാടൊട്ടുക്കു നടന്നിരുന്നു എന്നു തന്നെ പറയാം. അനേകർ പാപങ്ങൾ പരസ്യമായി ഏറ്റുപറയുകയും അപഹൃതവസ്തുക്കൾ തിരിച്ചുകൊടുക്കുകയും ക്രിസ്തുവിന്റെ നാമത്തിൽ ശരണപ്പെടുകയും ചെയ്ത തോടുകൂടെ ദേശത്തെങ്ങും ഉണർവ്വിന്റെ തീജ്ജ്വാലകൾ ആളിക്കത്തിക്കഴിഞ്ഞിരുന്നു. ദേശത്തെ ഒട്ടാകെ പിടിച്ചുകുലുക്കിയ ഈ സുവിശേഷവിപ്ലവത്തിൽ ധനവാന്മാരും, ദരിദ്രന്മാരും, മർത്തോമ്മക്കാരും, യാക്കോബായക്കാരും ചുരുക്കം ഹിന്ദുക്കളും എല്ലാം ഉൾപ്പെട്ടിരുന്നതായിട്ടാണ് അറിഞ്ഞിട്ടുള്ളത്. അക്കാലത്ത് "പന്ത്രണ്ടാമന്മാർ"എന്നൊരു കൂട്ടരും അവരുടെ ഇടയിൽ ഉണ്ടായി വരികയും ചെയ്തിരുന്നു.

ഇവരുടെയിടയിൽ എല്ലാവിധത്തിലും പ്രമാണപ്പെട്ട ആരാളായിരുന്നു മർത്തോമ്മയിലെ ഒരു പട്ടക്കാരനായിരുന്ന "കാക്കിശ്ശേരി അച്ചൻ" പ്രാവിനെപ്പോലെ പരമാർത്ഥി എന്നു പറഞ്ഞാൽ പ്രാവിനേക്കാളും പരമാർത്ഥിയും കളങ്കമില്ലാത്ത ആളുമായിരുന്നു അദ്ദേഹം. അതുപോലെയുള്ള പലരും ആ കൂട്ടത്തിലുണ്ടായിരുന്നു. "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" എന്നു യേശുക്രിസ്തു അരുളിച്ചെയ്ത വാക്കുകൾ കലവറ കൂടാതെ വിശ്വസിച്ചിരുന്ന ഒരു കൂട്ടം ആളുകളായിരുന്നു അവർ.

കാക്കിശ്ശേരി അച്ചനും വേറെ ചിലരും സുവിശേഷപ്രവർത്തനം സംബന്ധിച്ചു സ്ഥലം വിട്ടിരുന്നപ്പോഴാണ് അവരുടെയിടെയിലെ പ്രധാനപ്പെട്ട ഒരു സഹോദരൻ നിര്യാതനായത്. അത് അവരെ ക്രമാധികം ദുഃഖിപ്പിച്ചു. എന്തുകൊണ്ടു ദൈവം അത് അനുവദിച്ചു എന്ന ചോദ്യം അവരിൽ പലരിലും ഉയർന്നു വന്നു. അവർക്കു കർത്താവിന്റെ വാക്കുകളിലുള്ള വിശ്വാസത്തെ വ്യക്തമാക്കുന്നതിനുള്ള ഒരു സന്ദർഭമാണ് ഇതെന്ന് ചിലർക്ക് തോന്നി. എന്തായാലും വളരെ സങ്കടത്തോടും മനോഭാരത്തോടും കൂടെ അവർ മൃതശരീരം ആർത്താട്ടുപള്ളിയിലെ ശവക്കോട്ടയിൽ സംസ്ക്കരിച്ചു. എന്റെ അറിവനുസരിച്ച്, അതിനു ശേഷമാണ് കാക്കിശ്ശേരി അച്ചൻ മുതലായവർ സ്ഥലത്തെത്തിയത്. കർത്താവ് ചെയ്തതിൽ വലിയ കാര്യങ്ങൾ തന്നിൽ വിശ്വസിക്കുന്നവർ ചെയ്യും എന്നു പറഞ്ഞിരിക്കുന്ന വചനങ്ങൾ സത്യമാണെങ്കിൽ മരിച്ച വരെ ഉയർപ്പിച്ച യേശുക്രിസ്തുവിന്റെ അനുഗാമികളായ നമ്മൾ നമ്മുടെ സഹോദരനെകൊണ്ടുപോയി സംസ്ക്കാരിക്കാതെ ഉയിർപ്പിക്കേണ്ടതായിരുന്നു എന്ന അഭിപ്രായം ഉണ്ടായിവരികയും പ്രബലപ്പെടുകയും ചെയ്തു. ഒടുവിലായി, ആർത്താട്ടു പോയി ശവക്കുഴി തുറന്നു, സഹോദരനെജീവിപ്പിക്കണമെന്നു തന്നെ അവർ തീരുമാനിച്ചു. ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസമുള്ളവരും അവരുടെ ഇടയിൽ ഉണ്ടായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. എന്തായാലും വലിയ കൂട്ടം ആളുകൾ ആർത്താട്ടുപള്ളിയിലേക്കു പോകുകയും ശവക്കുഴി തുറന്നു, ശവത്തിന്റെ കൈപിടിച്ചു പൊക്കി പുറത്തേക്കു വരിക, എന്നു മൂന്നു പ്രാവശ്യം ആജ്ഞാപിക്കയും ചെയ്തു. അതിനു മുമ്പായി അവിടെ വെച്ചു നടന്ന പ്രാർത്ഥനാഘട്ടത്തിൽ, കൂടിയിരുന്ന സ്ഥലം കുലുങ്ങുന്നതുപോലെ അവർക്കു തോന്നിയതായി പറയപ്പെടുന്നു. എന്തായാലും ശരീരത്തിൽ നിന്നും കൈ പറിഞ്ഞുപോരികയാണ് ഉണ്ടായത്. പിന്നീടുണ്ടായ അനുഭവം ഊഹിച്ചുകൊണ്ടാൽ മതി. എല്ലാവരെയും ഹൃദയത്തിലും മുഖത്തും മിസ്രയീമിൽ ഉണ്ടായതിനേക്കാൾ കൂടുതൽ കട്ടിയുള്ള ഇരുട്ടു വ്യാപിച്ചു. ഒരു വിധത്തിൽ ശവം യഥാസ്ഥാനത്തു വെച്ചു, കുഴി മൂടി, അവർ സ്ഥലം വിട്ടു. ഉജ്ജ്വലിച്ചുയർന്നു വന്ന നവീകരണ പ്രസ്ഥാനത്തിന് ഇതുമൂലമേറ്റ ക്ഷതം ഘനതരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇതിന്റെ ഫലമായി സുവിശേഷപ്രവർത്തകന്മാർക്ക് "ശവംമാന്തികൾ" എന്നൊരു അപരനാമം തന്നെ ഉണ്ടായി വന്നു. സുവിശേഷത്തിന്റെ ശത്രുക്കൾക്ക് കൈവന്ന മൂർച്ചയേറിയ ആയുധമായി രൂപാന്തരപ്പെട്ടു. അങ്കമാലിയിൽ സുവിശേഷ പ്രവർത്തനമാരംഭിച്ചത് ഈ സംഭവങ്ങൾക്ക് പല കൊല്ലങ്ങൾ പിന്നിട്ടിട്ടാണെങ്കിലും, അതിനോട് വേർപാടുകാർക്ക് ഒരുവക ബന്ധവുമുണ്ടായിരുന്നില്ലെങ്കിലും അക്കാലത്തു ഞങ്ങളേയും ശവംമാന്തികൾ എന്നു വിളിച്ചു അപഹസിച്ചിരുന്നതായി ഇന്നും വ്യക്തമായി ഓർക്കുന്നു.

സംസ്ക്കരിച്ച ശവം സർക്കാരിന്റെ അനുവാദവും സാന്നിദ്ധ്യവും കൂടാതെ പുറത്തെടുക്കുന്നത് ഗുരുതരമായ ഒരു ക്രിമിനൽ കുറ്റമാണ്. അതുകൊണ്ട് എതിരാളികളുടെ പ്രേരണയാലും അല്ലാതെയും സർക്കാർ വാദിയായി കേസ്സെടുക്കുകയും കാക്കിശ്ശേരി അച്ചൻ ഉൾപ്പടെ ഒട്ടുവളരെ ആളുകൾ പ്രതികളായിത്തീരുകയും ചെയ്തു. പ്രതികൾ എല്ലാവരും, മറയ്ക്കാതെ, കലവറ കൂടാതെ സകലവും ഏറ്റുപറയുകയും ഈ കാര്യത്തിനായി അവരെ പ്രേരിപ്പിച്ച വേദഭാഗം 14:12-ാം വാക്യം കോടതിയിൽ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ആ വാക്യം അവർ നിർവ്യാജം വിശ്വസിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ ചെയ്തുപോയതാണെന്നും വിധിന്യായത്തിൽ മജിസ്ട്രേട്ട് വ്യക്തമാക്കുകയും പ്രതികളെ വെറുതെ വിടുകയും ചെയ്തു. അവർക്ക് ഏറ്റവും ലഘുവായ ശിക്ഷ നൽകിയതായും കേട്ടിട്ടുണ്ട്. എന്തായാലും കോടതി അവരുടെ നിഷ്കപടമായ വിശ്വാസത്തിനു ശക്തിമത്തായ സാക്ഷ്യം വിധിന്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

യേശുക്രിസ്തുവിന്റെ കല്പനയനുസരിച്ചു പ്രവർത്തിച്ചാറെ എന്തുകൊണ്ട് മരിച്ച ആൾ ഉയിർത്തില്ല എന്ന ചോദ്യം പിന്നെയും ശേഷിച്ചു. അന്ന് അവിടെ രാത്രി ശവക്കോട്ടയിൽ കൂടിയിരിക്കുന്നവരിൽ അവിശ്വാസികളും ഉണ്ടായിരുന്നുവെന്നും അവരുടെ അവിശ്വാസം നിമിത്തമല്ലായിരുന്നെങ്കിൽ മരിച്ച സഹോദരൻ ഉയിർക്കുമായിരുന്നു എന്നുമാണ് അന്നുള്ളവർ പറഞ്ഞുവന്നത്. അതു സംബന്ധിച്ച ഒരു നിരൂപണമോ വിശദീകരണമോ ഇന്നു ഇപ്പോൾ നമുക്ക് ആവശ്യമില്ല.

സുവിശേഷവിപ്ലവത്തിന് അതിഘനതരമായ ആഘാതം ഏറ്റിരുന്ന ആ കാലത്താണ് മി. നാഗൽ കുന്നങ്കുളത്ത് എത്തിയത്. പ്രാവിനെപ്പോലെ പരമാർത്ഥികളായിരുന്നാൽ മാത്രം പോരാ, പാമ്പിനെപ്പോലെ ബുദ്ധിമാൻകൂടിയായിരിക്കണമെന്നും, വികാരങ്ങളുടെ ആവേശത്തുള്ളലിൽ അകപ്പെട്ടു കത്തിയെരിഞ്ഞാൽ മാത്രം മതിയാകയില്ല, തിരുവെഴുത്തുകളിലെ ഉപദേശസത്യങ്ങൾ അന്യോന്യബന്ധത്തിൽ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണെന്നും അവരെ മനസ്സിലാക്കുന്നതിന് പ്രാപ്തനായ ഒരു ഉപദേഷ്ടാവ് അവർക്കു അത്യാവശ്യമായിരുന്നു. ആ ഘട്ടത്തിലാണ് അഗാധചിന്തകനും, വേദശാസ്ത്രിയും, തികഞ്ഞ ഒരു ഉപദേശ്ടാവുമായ മി. നാഗൽ അവരുടെ മദ്ധ്യേ ചെന്നെത്തിയത്. അവർക്ക് തുടർച്ചയായി ബൈബിൾ ക്ലാസ്സ് എടുക്കുന്ന ചുമതല അവർ അദ്ദേഹത്തെ ഏല്പ്പിച്ചു.

**പ്രാവിനെപ്പോലെ പരമാർത്ഥികളായിരുന്നാൽ മാത്രം പോരാ, പാമ്പിനെപ്പോലെ ബുദ്ധിമാൻ കൂടിയായിരിക്കണമെന്നും, വികാരങ്ങളുടെ ആവേശത്തുള്ളലിൽ അകപ്പെട്ടു കത്തിയെരിഞ്ഞാൽ മാത്രം മതിയാകയില്ല, തിരുവെഴുത്തുകളിലെ ഉപദേശസത്യങ്ങൾ അന്യോന്യബന്ധത്തിൽ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണെന്നും അവരെ മനസ്സിലാക്കുന്നതിന് പ്രാപ്തനായ ഒരു ഉപദേഷ്ടാവ് അവർക്കു അത്യാവശ്യമായിരുന്നു.**

മി. നാഗൽ നവീകരണപ്രസ്ഥാനം വിട്ടു വിശ്വാസസ്നാനം സ്വീകരിക്കുന്നവരുടെ ഒരു സംഘത്തെ കൂട്ടിച്ചേർക്കയും, കുന്നംകുളം, പഴഞ്ഞി, കാട്ടാകമ്പാൽ, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ വേർപാടു സഭകളെ സ്ഥാപിക്കയും ചെയ്തു. അക്കാലത്തെ സഹപ്രവർത്തകന്മാർ ഏറെക്കുറെ എല്ലാവരും കുന്നംകുളത്തും പരിസരങ്ങളിലുമുള്ളവരായിരുന്നു. ●

# അഭ്യർത്ഥന

സഹോദരൻ എം.സി. ജോൺ ഇവിടെ കുടുംബമായി താമസിച്ച് അയൽ സ്ഥലം സഭകളിലെ സഹോദരന്മാരുമായി കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി 2005-ൽ ഒരു സഭാ കൂടിവരവ് ഉണ്ടാകുവാനിടയായി. ഇപ്പോൾ 18 പേർ കർത്തൃമേശയിൽ പങ്കെടുത്തുവരുന്നു. കുട്ടികളടക്കം 25 പേർ സഭയിൽ കടന്നുവരുന്നുണ്ട്. ഇപ്പോൾ ഒരു വാടക കെട്ടിടത്തിലാണ് കൂടിവരുന്നത്. സ്വന്തമായി സ്ഥലവും ഹാളും ഉണ്ടാകേണ്ടതിന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ഇവിടെ ടൂറിസം മേഖലയായതു കൊണ്ട് സ്ഥലത്തിനു വില കൂടുതലാണ്. ദൈവമക്കളുടെയും സ്ഥലം സഭകളുടെയും സഹകരണത്തിന്റെ ഫലമായി 4 ലക്ഷം രൂപ ലഭിക്കുവാനിടയായി. കുമരകം - ചേർത്തല റോഡരുകിൽ (തണ്ണീർമുക്കം ബണ്ടിനടുത്ത്) 5 സെന്റ് സ്ഥലം കണ്ടു വില സമ്മതിച്ച് 2 ലക്ഷം രൂപ അഡ്വാൻസ് കൊടുത്തിരിക്കുകയാണ്. പ്രമാണച്ചെലവ് ഉൾപ്പടെ ഇനി 4 ലക്ഷം രൂപ കൂടി ഉണ്ടാകേണ്ടതുണ്ട്.

ഈ ആവശ്യത്തിലേക്കായി SBT Vechoor ശാഖയിൽ എബ്രഹാം തോമസ് (കോട്ടയം) ഇവാ. എം.സി. ജോൺ എന്നിവരുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (Ac No. 67081444354) ദൈവമക്കളുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സാമ്പത്തിക സഹായങ്ങളും ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

എന്ന് സഭയ്ക്കുവേണ്ടി സഹോദരന്മാർ : കെ.എം. ജോൺ, ബി.സി. ബാബു, എം.സി. ജോൺ

നിങ്ങളുടെ വിലയേറിയ സംഭാവനകൾ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

M.C. John (Evg.), Snehalayam, Ambika Market P.O., Kottayam - 686144, Kerala

▶ പേജ് 2 തുടർച്ച

**പ്രണയിക്കാൻ പഞ്ചശീലങ്ങൾ!**
**പ്രണമിക്കാൻ പ്രപഞ്ചനാഥൻ!**
**പടുത്തുയർത്താൻ പുതുജീവൻ!**
**പ്രവർത്തനോർജ്ജമായ് പുതുവർഷം!**
**പേടിക്കുവാൻ ഇതാ പ്രാണനാഥന്റെ പ്രഖ്യാപനം – "ഞാൻ സംവത്സരങ്ങളായി ഫലം തിരഞ്ഞു വരുന്നു കാണുന്നില്ല താനും. അതിനെ വെട്ടിക്കളയുക. അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന് ? പരിതപിക്കുവാൻ ഇതാ പരിശുദ്ധ വചനം –**

നമ്മുടെ നാളുകളെ എണ്ണുക. ദൈവത്തെ ഭയപ്പെടുക. ജ്ഞാനഹൃദയത്തിനുടമയാകുക. ദൈവത്തിന്റെ സഹതാപത്തിനായി ജീവിതത്തെ ക്രമപ്പെടുത്തുക. ദൈവത്തിന്റെ ദയയാൽ തൃപ്തിയടയുവാൻ ഒരുങ്ങുക. അതൊക്കെയാണ് മോശ ചെയ്തത്. നാം ചെയ്യേണ്ടതും അതു തന്നെ. മോശയുടെ പഞ്ചശീലങ്ങൾ വിശ്വാസിയുടെയും പകർച്ചവ്യാധിയായെങ്കിൽ എന്നാശിക്കുന്നതിൽ എന്താണ് തെറ്റ്? 1) ദൈവത്തെ തള്ളിത്തകർന്നവർക്ക് അതിദുഃഖത്തോടെ വിടപറയൽ 2) അവശേഷിച്ച ദൈവജനത്തിനു വേണ്ടി അഭയയാചന3) അകൃത്യങ്ങളിൽ ആറാടുന്ന ആധുനിക തലമുറയ്ക്ക് അന്ത്യശാസന4) അജഗണത്തിന് ആത്മശുദ്ധി 5) അനുവാചകർക്ക് ആത്മപരിശോധന. ആർക്കും അനുകരണീയമായ പ്രമാണങ്ങൾ. സകലർക്കും സുസാദ്ധ്യമായ പഞ്ചശീലങ്ങൾ. ദോഷശീലങ്ങളിൽ നിന്നും നല്ല ശീലങ്ങളിലേക്കുള്ള മാറ്റം നൽകുവാൻ യേശുക്രിസ്തു സർവ്വശക്തനായി സന്മനസ്സോടെ നമ്മെ സ്വാഗതം ചെയ്യുന്നു. "എന്നാൽ ദോഷം ചെയ്യാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്കും നന്മ ചെയ്യാൻ കഴിയും." എന്നാണ് ദൈവവാഗ്ദാനം (യിരെ. 13:23). താങ്കളുടെ പാപപരിഹാരാർത്ഥം യേശു മരിച്ചുയർത്തെഴുന്നേറ്റു. പാപമോചനവും മോക്ഷവും നൽകുവാൻ യേശു മാടി വിളിക്കുന്നു. മാനസാന്തരപ്പെട്ട് പാപക്ഷമ യാചിക്കുക. ക്രിസ്തുവിനെ സ്വമനസ്സാലെ ഹൃദയത്തിൽ സ്വീകരിക്കുക. നല്ല ശീലങ്ങളിലേക്കുള്ള മാറ്റം പെട്ടെന്നനുഭവിച്ചറിയാം. പുതിയൊരു ഹൃദയവും പുതിയൊരു ആത്മാവും പുതുജീവനും നേടിക്കൊള്ളുവാൻ ദൈവം ഏവരെയും ക്ഷണിക്കുന്നു. നല്ല ശീലങ്ങളിൽ നിലനിന്ന് പുതിയത് കൂട്ടിച്ചേർത്ത് വിശ്വാസികൾ രൂപാന്തരപ്പെടണമെന്നും ദൈവം കൽപ്പിക്കുന്നു. (യെഹ. 18:31, 2 പത്രോ. 1: 4–7).

പഴയവർഷങ്ങളിലെ ദുഃശീലങ്ങളോട് വിടപറയാം. പുതുവർഷജീവിതം പഞ്ചശീലങ്ങളാൽ പടുത്തുയർത്താം. പ്രണയിക്കാൻ പഞ്ചശീലങ്ങൾ! പ്രണമിക്കാൻ പ്രപഞ്ചനാഥൻ! പടുത്തുയർത്താൻ പുതുജീവൻ! പ്രവർത്തനോർജ്ജമായ് പുതുവർഷം! പേടിക്കുവാൻ ഇതാ പ്രാണനാഥന്റെ പ്രഖ്യാപനം – "ഞാൻ സംവത്സരങ്ങളായി ഫലം തിരഞ്ഞു വരുന്നു കാണുന്നില്ല താനും. അതിനെവെട്ടിക്കളയുക. അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന് ? പരിതപിക്കുവാൻ ഇതാ പരിശുദ്ധ വചനം – "... കർത്താവെ, ഈ ആണ്ടും കൂടെ നിൽക്കട്ടെ. മേലാൽ കായിച്ചെങ്കിലോ– ഇല്ലെങ്കിൽ വെട്ടിക്കളയാം." പഞ്ചശീല പ്രതിജ്ഞയാൽ പ്രശോഭിതമാവട്ടെ പുതുവർഷം (ലൂക്കോ 13:6–9).നമുക്ക് ഇനിയും പ്രതിജ്ഞാ വൈമനസ്യമെങ്കിൽ അത് പ്രത്യാഘാതം ഉളവാക്കും. പ്രതിജ്ഞാ സന്മനസ്സുണ്ടെങ്കിൽ അത് പ്രതിഫലവും സമ്മാനിക്കും. താങ്കളുടെ പ്രതികരണം വിധി നിർണ്ണായകമാണ്. "നിങ്ങൾ ആരെ സേവിക്കും എന്ന് തെരഞ്ഞെടുത്തു കൊൾവിൻ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." (യോശുവ 24:15).




## ഒരു മടങ്ങിവരവിന്റെ കഥ

ഈഡൻ കാർട്ടൂൺസ് എന്ന പേരിൽ വേദപുസ്തക കഥകളെ കാർട്ടൂണുകളായി അവതരിപ്പിക്കുന്ന പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ബാലന്മാരെയും യുവാക്കളെയും വയോധികരെയും ഒരുപോലെ സ്വാധീനിക്കാൻ കഴിവുള്ളവയാണല്ലോ കാർട്ടൂണുകൾ. വേദപുസ്തക കഥകൾ ആത്മീക നിലവാരം ഒട്ടും കുറയാതെ തന്നെ അവതരിപ്പിക്കുന്ന ഒരു സംരംഭമാണ് ഈഡൻ കാർട്ടൂണുകൾ. ഇന്റർനെറ്റിൽ നിന്നും ഈ മൾട്ടികളർ കാർട്ടൂണുകൾ തികച്ചും സൗജന്യമായി ഡൗൺലോഡ് ചെയ്യാം. ഈഡൻ കാർട്ടൂണുകളിലെ പ്രഥമ സംരംഭമാണ് മുടിയൻ പുത്രന്റെ കഥയായ ഒരു മടങ്ങിവരവിന്റെ കഥ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഇതു ലഭ്യമാണ്. ഇന്നു തന്നെ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

http://www.EdenCartoons.com

▸ പേജ് 4 തുടർച്ച

ആത്മീക മനസ്സിന്റെ അടയാളമല്ല (യാക്കോ. 4:1). അനോന്യം ആത്മീക വർദ്ധനയ്ക്ക് ഉതകുന്നത് ചെയ്യണം എന്നതാണ് വിശ്വാസികളോടുള്ള ദൈവത്തിന്റെ കല്പന. ആത്മാവ് ജീവിപ്പിക്കുന്നു എന്നു കൊരിന്ത്യ ലേഖനത്തിൽ നാം വായിക്കുന്നതിന്റെ ശരിയായ അർത്ഥം എന്നത് സഹവിശ്വാസികളുടെ ആത്മീക ജീവിതത്തിനു ഓജസ്സും ചൈതന്യവും ലഭിക്കത്തക്കവണ്ണമുള്ള പരിശുദ്ധാത്മ നിയന്ത്രിത പത്രങ്ങളായി നമ്മുടെ ജീവിതവും വാക്കുകളും പ്രസിദ്ധീകരണങ്ങളും ആയിത്തീരണം എന്നത്രേ. ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും ഉതകുന്ന നിലയിൽ നമ്മുടെ മാധ്യമരംഗത്തെ നാം ക്രമീകരിക്കേണ്ടിയിരിക്കുന്നു.

വിശ്വാസികളുടെ ജീവിതത്തിലെ കുറവുകളും സഭകളിലെ പ്രശ്നങ്ങളും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും തിരുവചനപ്രകാരവും അതതു സ്ഥലം സഭകളിൽ തന്നെ പരിഹരിക്കുന്നതിനു പകരം പ്രസിദ്ധീകരണങ്ങൾക്ക് അയയ്ക്കുകയും അവരത് വള്ളിപുള്ളി തെറ്റാതെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ഒരു പ്രവണത വിശ്വാസ ഗോളത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധിച്ചു വരുന്നുണ്ട്. ലൗകിക മനുഷ്യനു പൈങ്കിളി പ്രസിദ്ധീകരണം നൽകുന്ന മാനസിക സംതൃപ്തിയും അനുഭൂതിയും പോലെയല്ലേ ഇത്തരം അപവാദപരമായ വാർത്തകളടങ്ങിയ പ്രസിദ്ധീകരണങ്ങൾ വായിക്കുന്ന വിശ്വാസിക്കും അനുഭവപ്പെടുന്നത്. ഇത് ആത്മീക മനുഷ്യനു ഭൂഷണമോ? ലൗകിക ലോകത്ത് സംഭവിച്ചതുപോലെ ആത്മീക ലോകത്തും മൂല്യച്ച്യുതി വർദ്ധിച്ചത് ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിലേക്ക് പ്രസിദ്ധീകരണങ്ങളെ നയിച്ചു എന്നതും അല്ലെങ്കിൽ അത്മീക വർദ്ധനയ്ക്കുതകാത്ത കാര്യങ്ങൾ കൂടെക്കൂടെ വായിച്ച് വിശ്വാസികൾ അടിമപ്പെട്ടുപോയി എന്നു പറയുന്നതും ഒരു പോലെ ചിന്തനീയമായ കാര്യമാണ്.

ക്രിസ്തീയ സമൂഹത്തിലും പത്രങ്ങളും പ്രസിദ്ധീകരണങ്ങളും ആവശ്യമാണ്. ദൈവജനത്തിന്റെ ആത്മീകാഭിവൃദ്ധിക്ക് ഉതകുന്നതായ ലേഖനങ്ങളും വാർത്തകളും ദൈവജനം അറിയുക തന്നെ വേണം. വരും തലമുറയ്ക്ക് വേർപാട് സമൂഹത്തിന്റെ ചരിത്രം ചികയുമ്പോൾ ലഭിക്കേണ്ട വിവരം എന്ത്? സ്ഥലം സഭകളിലെയും വ്യക്തിജീവിതങ്ങളിലെയും പ്രശ്നങ്ങളും കുറവുകളുമോ? അതോ വേർപാട് സമൂഹത്തിന്റെ വിശ്വാസപരവും ഉപദേശപരവും ആത്മീകവുമായ കാഴ്ചപ്പാടുകളെയും സമർപ്പണത്തെയും കുറിച്ചുള്ള വിവരങ്ങളോ?

വിശ്വാസ ഗോളത്തിന്റെ നിലനിൽപ്പിലും വളർച്ചയിലും ഗണ്യമായ ഒരു സ്ഥാനം പത്രങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കുമുണ്ട്. അത് ലോകം അറിയുകയും വായിക്കുകയും ചെയ്യുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ദൈവജനത്തിന്റെ ആത്മീകാഭിവൃദ്ധിക്കുതകുന്നതും ദൈവത്തിന്റെ മഹത്വം വിളിച്ചോതുന്നതുമായ പത്രങ്ങളാകട്ടെ നമ്മുടെ പ്രസിദ്ധീകരണങ്ങൾ. പ്രസിദ്ധീകരണങ്ങൾ നിരവധിയുള്ളപ്പോൾ ഏതു വായിക്കണം ഏതു വേണ്ട എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ദൈവജനത്തിനുണ്ട്. **നമ്മുടെ മേശപ്പുറത്തിരിക്കുന്ന പത്രം നമ്മുടെ വ്യക്തിത്വത്തിന്റെ അടയാളം ആണെന്ന സത്യം നാം വിസ്മരിച്ചു കൂടാ.**

**ആളുകൾ രക്ഷയിങ്കലേക്കും വേർപാട് ഉപദേശ സത്യങ്ങളിലേക്കും കടന്നുവരുവാൻ മടിക്കുന്നതിൽ നമ്മുടെ മാധ്യമങ്ങൾക്ക് വലിയൊരു പങ്കില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.**



ദൈവജനത്തിനിടയിൽ പല പ്രയാസങ്ങളും കുറവുകളും ഉണ്ടാകാം. ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. എന്നാൽ അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് തിരുവെഴുത്ത് വ്യക്തമായി കല്പന നൽകിയിട്ടുണ്ട്. നാം വചനത്തിലേക്ക് മടങ്ങി വന്നു വചനപ്രകാരം ദൈവ ഭയത്തോടെ അത് കൈകാര്യം ചെയ്യണം. തെറ്റ് കണ്ടാൽ പ്രതികരിക്കുന്നത് പത്രപ്രവർത്തകന് നിഷേധ്യമല്ലെങ്കിലും ദൈവനാമ മഹത്വത്തിനും ദൈവജനത്തിന്റെ സാക്ഷ്യത്തിനും വിഘാതമായ നിലയിൽ അത് നിഗൂഢലക്ഷ്യത്തോടെ പൊതുജനസമക്ഷം എത്തിക്കുന്നത് ദൈവജനത്തിനു ഭൂഷണമല്ലല്ലോ.

നമുക്ക് ഒന്നു മടങ്ങി വരാം. ദൈവവചനത്തിനും ദൈവാത്മാവിനും കീഴ്പ്പെട്ട് നമ്മുടെ ഉത്തരവാദിത്തങ്ങളെ നിറവേറ്റാം. സ്ഥലം സഭകളുടെയും ദൈവജനത്തിന്റെയും വേർപാട് സമൂഹത്തിന്റെയും മഹത്വം വിളിച്ചോതുന്നതാകട്ടെ നമ്മുടെ പ്രസിദ്ധീകരണങ്ങൾ.

# വചനമാകുന്ന നിധി
## സ്വന്തമാക്കുക

**ഫിലിപ്പ് കെ. ആൻഡ്രൂസ്**



**മുളന്തുരുത്തി :** മുളന്തുരുത്തി ബ്രദറൺ സഭയുടെ സണ്ടേസ്കൂൾ വാർഷികത്തിൽ സംസാരിക്കവേ, സഹോ. ഫിലിപ്പ് കെ. ആൻഡ്രൂസ് യുവജനങ്ങളോട്, വചനത്തിൽ ദൈവാത്മാവ് സൂക്ഷിച്ചിരിക്കുന്ന സ്വർഗ്ഗീയമായ നിക്ഷേപം കണ്ടെത്തുന്നതിന് ഉത്സാഹിക്കണമെന്നു പ്രബോധിപ്പിച്ചു. വചനം കേവലം വായിക്കുക മാത്രം ചെയ്യാതെ പ്രാർത്ഥനയോട് കൂടി ധ്യാനിക്കുകയും അനുസരിക്കുന്നതിനായി സമർപ്പിക്കുകയും വേണം എന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു. വചനം വായിക്കുന്നതിന് പിശാച് പല തന്ത്രങ്ങൾ തടസ്സമായി കൊണ്ടുവരാം. മറ്റു തിരക്കുകൾ, മനസ്സില്ലാകില്ല എന്ന ചിന്ത, അവിശ്വാസം, പാപത്തോടുള്ള ആകർഷണം തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടുന്നു. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും ദൈവത്തിനു വേണ്ടി സമർപ്പിക്കുകയും ചെയ്താൽ വചനത്തിലെ ആത്മീയാനുഗ്രഹങ്ങൾ എന്ന നിധി സ്വന്തമാക്കാം.

വിശ്വാസികളെ പൊതുവെ നോക്കുമ്പോൾ ലോകമയത്വം സഭയ്ക്കുള്ളിൽ കടന്നിരിക്കുന്നു എന്നു പറയുന്നത് ഒരു പരിധി വരെ ശരിയാണെങ്കിലും വചനത്തെയും ഉപദേശത്തെയും സൂക്ഷിക്കുന്ന ഒരു ശേഷിപ്പ് സഭകളിലുണ്ട്. ആദ്യ നൂറ്റാണ്ടിൽ തന്നെ വിശ്വാസികളായ പലരും ലോകപ്രകാരം ജീവിച്ച ചരിത്രം നാം തിരുവെഴുത്തിൽ കാണുന്നുണ്ട്. ആകയാൽ നാം ആരുടെ കൂടെ എന്നതാണ് ചിന്തിക്കേണ്ട കാര്യം. വചനത്തിനു വേണ്ടിയും വചനപ്രകാരവും നിലകൊള്ളുന്ന ശേഷിപ്പിനോട് കൂടെയാണോ നാം. നമുക്ക് തിരുവെഴുത്തിലെ ആഴമേറിയ സത്യങ്ങളെ കണ്ടെത്തി, വചനപ്രകാരം ജീവിക്കാം. പുതിയ വർഷത്തിൽ വചനത്തോടുള്ള ബന്ധത്തിൽ പുതിയ തീരുമാനങ്ങളോടെയും സമർപ്പണത്തോടെയും ജിവിക്കാം എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

---


**ഇനി മലയാളത്തിലും ദൈവശാസ്ത്രം പഠിക്കാം....**

**ദൈവശാസ്ത്രത്തിൽ ഡിഗ്രികൾ കരസ്ഥമാക്കാം.... തികച്ചും സൗജന്യമായി**



## അസംബ്ലി ബൈബിൾ സ്കൂൾ

**സവിശേഷതകൾ**

- മലയാളത്തിൽ ഇപ്പോൾ ബി.റ്റി.എച്ച്, എം.ബി.എസ്. ബിരുദങ്ങൾ.
- കോഴ്സ് തികച്ചും സൗജന്യം.
- പാഠപുസ്തകങ്ങൾ എല്ലാം മലയാളത്തിൽ.
- പാഠപുസ്തകങ്ങൾ ഇന്റർനെറ്റിൽ
- വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി സ്വന്തമാക്കാം.
- 3 വർഷം മുതൽ 4 വർഷം വരെ പഠിതാവിന്റെ സൗകര്യാർത്ഥം കാലാവധി ദീർഘിപ്പിക്കാനുള്ള സൗകര്യം.
- പരീക്ഷയുടെ ഉത്തരങ്ങൾ ഇന്റർനെറ്റിലും തപാലിലും അയയ്ക്കാനുള്ള സൗകര്യം.
- 17 വയസ്സിനു മുകളിൽ പ്രായമുള്ള ആർക്കും ചേർന്നു പഠിക്കാം.
- ജോലിക്കാർക്കും വീട്ടമ്മമാർക്കും ചേർന്നു പഠിക്കാനുള്ള സൗകര്യം.
- സെക്കുലർ പഠനത്തെയോ ജോലിയെയോ ബാധിക്കാതെ പഠിക്കാം.

**മലയാളത്തിൽ ഇത്തരം ഒന്ന് ഇതാദ്യം.**
**അഡ്മിഷൻ നേടൂ.... ഇഷ്ടാനുസരണം പഠിക്കൂ.....**

**പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും ഇന്നുതന്നെ ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.**

**http://ABS.Itz4u.com**

If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

TO.




**This Publication is owned by Dr. Saneesh Cherian and Printed at Maptho Printings, Kalamassery for Brethren Research Group**